

## വാഴ്ത്തപ്പെട്ട
## കാർലോ അക്യുറ്റിസ്

നവംബർ 2020

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം
ലക്കം : 6

www.malankaralibrary.com

# എഡിറ്റോറിയൽ



സഭയോടൊത്ത് ചിന്തിക്കുവാനും സഭയ്ക്കു വേണ്ടി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും യുവജനത ഉണർന്നെഴുന്നേൽക്കേണ്ട ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ക്രിസ്തീയ വിശ്വാസത്തെയും അതിന്റെ കേന്ദ്രബിന്ദുക്കളായ പ്രതീകങ്ങളെയും കടന്നാക്രമിക്കുകയും ജനമധ്യത്തിൽ ആക്ഷേപിക്കുകയും ചെയ്യുന്ന പ്രവണത കഴിഞ്ഞ കാലഘട്ടത്തെക്കാൾ ഇപ്പോൾ കൂടി വരികയാണല്ലോ. ധീരപ്രേഷിതരായി നാം ഓരോരുത്തരും ഉണർന്നെഴുന്നേൽക്കുകയും തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്യേണ്ട ഈ കാലത്ത് അതിന് ആദ്യമേ തന്നെ നാം വിശ്വാസത്തിൽ ആഴപ്പെടുകയും സഭാത്മക ബന്ധത്തിൽ ശക്തി പ്രാപിക്കുകയും വേണം.

ചായൽ രൂപതയുടെ സ്ഥാനിക മെത്രാനും തൊഴിയൂർ സഭയിൽ നിന്നും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട് 1970 കളിൽ പുനരൈക്യ ദീപവുമായിരുന്ന ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ ഫീലക്സിനോസ് മെത്രാപ്പോലീത്തായുടെയും ജീവിതം മുഴുവൻ ഈശോയെ സ്നേഹിച്ച് അവിടുത്തെ അനുകരിച്ച്, അവിടുത്തെപ്പോലെ 33-ാം വയസ്സിൽ മരണത്തെ പുൽകുകയും ചെയ്ത വിശുദ്ധയായ സിയെന്നായിലെ കത്രീനയുടെയും സാധാരണ മനുഷ്യനായി ജനിച്ച് സാധാരണ ജീവിത സാഹചര്യങ്ങളിലൂടെ മുന്നേറി അസാധാരണ വിശുദ്ധിയിലേക്ക് എത്തിച്ചേർന്ന വിശുദ്ധ ക്ലെമെന്റ് മാർപ്പാപ്പയുടെയും ഓർമ്മ തിരുനാളിന്റെ അനുഗ്രഹങ്ങളും നാം ഈ നവംബർ മാസം സ്വീകരിക്കുകയാണ്.

കാലഘട്ടത്തിന്റെ ഭാവഭേദങ്ങളെ തിരിച്ചറിഞ്ഞ് ജാഗ്രതയോടെ പ്രവർത്തിക്കാൻ നാം പരിശീലിക്കണം. പൂർവ്വപിതാക്കന്മാർ അവരുടെ ജീവിതത്തിലൂടെ പകർന്നു നൽകിയ വിശ്വാസത്തിന്റെ ദീപശിഖ അണയാതെ സൂക്ഷിക്കുവാനും കൂടുതൽ വിശ്വാസത്തിൽ ആഴപ്പെടുവാനും യുവജന സഭയിലെ ശുശ്രൂഷ നമ്മെ ശക്തരാക്കട്ടെ അതിലൂടെ ജാഗരൂകതയും വിശ്വസ്തതയുമുള്ള സഭാമക്കളായി നമുക്ക് വളരാം.

**ജിനു ജോർജ്ജ്**
*ചീഫ് എഡിറ്റർ*

www.malankaralibrary.com



## പാതയിലെ അപരിചിതൻ

രണ്ടാം ക്രിസ്തു എന്ന പേരിൽ ലോകമെങ്ങും അറിയപ്പെടുന്ന ഫ്രാൻസിസ് അസ്സീസിയുടെ ഈ വർഷത്തെ തിരുനാളിനോട് ചേർന്നു പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് നൽകിയ വിശിഷ്ടമായ ഒരു സമ്മാനമായിരുന്നു 'ഫ്രത്തെല്ലി തൂത്തി' എന്ന ചാക്രികലേഖനം.

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ജീവിത പ്രബോധനങ്ങളിൽ നിന്നും ആശയങ്ങളിൽ നിന്നുമുള്ള ചിന്തകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണല്ലോ ഈ ചാക്രിക ലേഖനം തയ്യാറാക്കപ്പെട്ടിരിക്കുന്നത്. വിശുദ്ധ ഫ്രാൻസിസ് അസ്സീസി തന്റെ സഹോദര ങ്ങൾക്ക് എഴുതിയ ഉദ്ബോധനങ്ങളിലെ ആദ്യ വാക്കുകൾ കടമെടുത്താണ് പരിശുദ്ധ പിതാവ് തന്റെ ചാക്രികലേഖനത്തിന് തുടക്കം കുറിക്കുന്നത്. 'നമ്മൾ എല്ലാ സഹോദരന്മാരും (ഫ്രത്തെല്ലി തൂത്തി) കുരിശിൽ നമുക്കുവേണ്ടി പീഡകൾ അനുഭവിച്ച നല്ല ഇടയനെ നോക്കുക...'

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ ചിന്തകളാണ് ഈ ചാക്രിക ലേഖനത്തിന് ആധാരം എന്നത് യുവജനസഭയിലെ അംഗങ്ങളെ ഇത് ഏറെ ഗൗരവത്തോടെ ഉൾക്കൊള്ളു വാനും പഠിക്കുവാനും പ്രഘോഷിക്കുവാനും പ്രേരിപ്പിക്കുന്നു.

ചാക്രിക ലേഖനത്തിന്റെ ഒന്നാം അധ്യായത്തിൽ ഇന്നത്തെ ലോകത്തെ ബാധിച്ചിരിക്കുന്ന വിവിധ പ്രശ്നങ്ങളിലേക്ക്; പകർച്ചവ്യാധികൾ, തൊഴിലില്ലായ്മ, മതമൗലികവാദം, സ്ത്രീകളോടുള്ള അവഗ ണന തുടങ്ങിയ സാഹചര്യങ്ങളെ വിവരിച്ചതിനുശേഷം വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം പത്താം അധ്യായത്തിൽ നാം കാണുന്ന നല്ല സമരിയാക്കാരന്റെ ഉപമ വിവരിച്ചുകൊണ്ട് രണ്ടാം അധ്യായത്തി ലേക്ക് പരിശുദ്ധ പിതാവ് കടക്കുന്നു.

പാതയിലെ അപരിചിതൻ എന്ന തലക്കെട്ടോടെ കൂടി തുടങ്ങുന്ന രണ്ടാം അദ്ധ്യായത്തിൽ സ്നേഹം കൊണ്ട് പാലം പണിയുന്ന ഒരു വിശ്വാസ സമൂഹത്തെ മെനഞ്ഞെടുക്കുവാനുള്ള പരിശുദ്ധ പിതാവിന്റെ ആഗ്രഹം പങ്കുവെക്കുന്നു. യുവജന സഭയിലെ നാമോരോരുത്തരും ഏറെ താൽപര്യത്തോടെ ചിന്തി ക്കേണ്ടതും ധ്യാനിക്കേണ്ടതുമായ ഒരു അധ്യായമാണ് ഇത്. നല്ല സമരിയാക്കാരനെ പോലെ തനിക്കുള്ള വസ്തുക്കളും സമയവും സാധ്യതകളും നമ്മുടെ ചുറ്റുമുള്ള അപരിചിതർക്ക് നൽകുമ്പോൾ മറ്റുള്ളവർക്ക് നാം ഉത്തമ സഹോദരരായിത്തീരുന്നു. അറിഞ്ഞോ അറിയാതെയോ ഈ ലോകത്തിന്റെ നൈമിഷിക സുഖങ്ങൾക്ക് വേണ്ടിയുള്ള പരക്കം പാച്ചിലിൽ സ്വാർത്ഥതയുടെ കളകൾ നന്മയുടെ കതിരുകളെ അടിച്ച മർത്തിയിട്ടുണ്ടെങ്കിൽ നന്മയുടെയും സാഹോദര്യ സ്നേഹത്തിന്റെയും തിരിച്ചറിവിലൂടെ അവയെ പറിച്ചു കളയുവാനും നമ്മുടെ പാതയിലെ അപരിചിതർക്ക് നല്ല സമരിയാക്കാരൻ ആയിത്തീരുവാനുമുള്ള നമ്മുടെ വിളിയെ നമുക്ക് തിരിച്ചറിയാം.

സ്ഥലകാല പരിമിതികൾക്കുമപ്പുറം എല്ലാവരെയും സഹോദരങ്ങൾ എന്ന് വിളിക്കുവാൻ തക്ക പ്രവർത്തനങ്ങൾ നടത്തുവാൻ നമുക്ക് സാധിക്കട്ടെ.

ഈ ചാക്രികലേഖനം ലോകത്തുള്ള എല്ലാ മെത്രാന്മാർക്കും നൽകിക്കൊണ്ട് പരിശുദ്ധ പിതാവ് അവർക്ക് ഇപ്രകാരം എഴുതി 'ഈശോയുടെ യഥാർത്ഥമായ സന്ദേശം എന്നു പറയുന്നത് നാമോരോരുത്തരും സഹോദരീസഹോദരന്മാരാണ് എന്ന് തിരിച്ചറിയണം എന്നുള്ളതാണ്'.


ലോകത്തെ തന്നെ മാറ്റിമറിക്കുവാൻ കഴിയുന്ന ഈ വലിയ തിരിച്ചറിവിനായി പരിശ്രമിക്കാം... പ്രാർത്ഥിക്കാം...





**ജിത്ത് ജോൺ ഫ്രാൻസിസ്**
*പ്രസിഡന്റ്*

www.malankaralibrary.com



## വിശ്വാസത്തിനുവേണ്ടി സ്ഥാനത്യാഗം ചെയ്ത പരമാധ്യക്ഷൻ

# പൗലോസ് മാർ ഫീലക്സിനോസ് മെത്രാപ്പോലീത്ത

**അലൻ പേൾവി അയ്യംകുളങ്ങര**
സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദൈവാലയം, അഞ്ഞൂർ

1928 ഏപ്രിൽ 28-ാം തീയതി തൃശ്ശൂർ ജില്ലയിലെ അഞ്ഞൂർ ഗ്രാമത്തിൽ അയ്യംകുളങ്ങര തോമസിന്റെയും താണ്ടകുട്ടിയുടെയും സീമന്തപുത്രനായി പൗലോസ് മാർ ഫീലക്സിനോസ് മെത്രാപ്പോലീത്ത ഭൂജാതനായി. പൗലോസ് എന്ന നാമധേയത്തിൽ തൊഴിയൂർ സഭയുടെ ഭദ്രാസന ദേവാലയമായ അഞ്ഞൂർ സെന്റ് ജോർജ്ജ് പള്ളിയിൽ മാമ്മോദീസ സ്വീകരിച്ച അദ്ദേഹത്തിന്റെ ഓമനപ്പേര് 'കൊച്ചു കുഞ്ഞൻ' എന്നായിരുന്നു. ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ് വരെ തൊഴിയൂർ സി. എം.എച്ച്.ഇ. സ്കൂളിലും




തുടർന്ന് പഴഞ്ഞി സർക്കാർ വിദ്യാലയത്തിലും വിദ്യാഭ്യാസം നടത്തി. കുന്ദംകുളം ബോയ്സ് ഹൈസ്കൂളിൽ ചേർന്ന് ഇ. എസ്. എൽ. സി. പഠനം നടത്തിയ അദ്ദേഹം ആ പരീക്ഷ ഫസ്റ്റ് ക്ലാസിൽ പാസായി.

മഹാരാഷ്ട്രയിലെ കോലാപ്പൂരിൽ സാംഗ്ലി എന്ന സ്ഥലത്തെ വെല്ലിംഗ്ടൺ കോളേജിൽ ഇന്റർമീഡിയറ്റ് പഠനം തുടർന്ന തോമസ് പോൾ എന്ന തിരുമേനി അവിടെയും ഫസ്റ്റ് ക്ലാസിൽ പാസ്സായി. ഒരു ഡോക്ടർ ആകണമെന്ന് ആഗ്രഹിച്ച അദ്ദേഹത്തിന് ശാരീരിക അസ്വസ്ഥതകളും രോഗവും വിലങ്ങുതടിയായി. നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം മലബാർ സ്വതന്ത്ര സുറിയാനി സഭയിൽ വൈദിക പരിശീലനം ആരംഭിച്ചു. 1961 ഡിസംബർ 24-ാം തീയതി ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. 1967 ഡിസംബർ 9-ാം തീയതി

www.malankaralibrary.com

മാർത്തോമാ സഭയിലെ യൂഹാനോൻ മാർത്തോമാ മെത്രാപ്പോലീത്തായിൽ നിന്നും റമ്പാൻ സ്ഥാനം സ്വീകരിച്ചു. ഡിസംബർ 16-ാം തീയതി പൗലോസ് മാർ ഫീലക്സിനോസ് മൂന്നാമൻ എന്ന പേരിൽ തൊഴിയൂർ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പരമാധ്യക്ഷനായി വാഴിക്കപ്പെട്ടു. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പരമാധ്യക്ഷനായ പിതാവ് പത്തുവർഷക്കാലം ആ സഭയ്ക്ക് സ്തുത്യർഹമായ നേതൃത്വം കൊടുത്തു. ധാരാളം പള്ളികളും കാലഘട്ടത്തിനനുസൃതമായ പ്രസ്സ്, മാർ കൂറിലോസ് മിഷൻ ആശുപത്രി ഉൾപ്പെടെ നിരവധി സ്ഥാപനങ്ങൾ പടുത്തുയർത്തി.

1977 ഓഗസ്റ്റ് 28-ാം തീയതി കത്തോലിക്കാ സഭയുമായി അഭിവന്ദ്യ പിതാവ് പുനരൈക്യപ്പെട്ടു. നിരന്തരമായ പ്രാർത്ഥനയുടെയും വായനയുടെയും പരിശുദ്ധാത്മ പ്രേരണയുടെയും ഭാഗമായാണ് അദ്ദേഹം പുനരൈക്യപ്പെട്ടത്. പുനരൈക്യപ്പെടുന്നതിനുമുമ്പ് തന്റെ അധികാര സീമയിൽപ്പെട്ട ഏവരെയും തന്റെ തീരുമാനം അറിയിച്ചും അത് അവരെ ബോധ്യപ്പെടുത്തിയും അതിലേക്ക് ഏവരെയും ക്ഷണിച്ചുകൊണ്ടുമുള്ള ഇടയലേഖനത്തിലൂടെ തന്റെ തീരുമാനം വ്യക്തമാക്കിയെങ്കിലും അവരുടെ താല്പര്യമില്ലായ്മ അദ്ദേഹത്തെ പിന്തിരിപ്പിച്ചില്ല. ലോത്തിന്റെ ഭാര്യയെപ്പോലെ പുറകോട്ടു നോക്കാനായിരുന്നില്ല അദ്ദേഹത്തിനു താൽപര്യം. മറിച്ച് പാലും തേനും ഒഴുകുന്ന സുന്ദരമായ കനാൻ ദേശത്തേക്ക് മുന്നോട്ടുനോക്കിപ്പോകുവാനുള്ള പടപ്പുറപ്പാടായിരുന്നു അത്. സത്യമെന്തെന്ന് ബോധ്യപ്പെട്ട തിരുമേനി ആ സത്യമെന്തെന്ന് ബോധ്യപ്പെടുവാൻ അനേകരെ ക്ഷണിച്ചുവെങ്കിലും ആരേയും നിർബന്ധിച്ചില്ല. നിർബന്ധത്തിന് വഴങ്ങി മനസ്സില്ലാമനസ്സോടെ പുനരൈക്യപ്പെടുന്നതിനേക്കാൾ എത്രയോ അഭികാമ്യമാണ് പൂർണ്ണമനസ്സോടും ബോധ്യത്തോടും കൂടെ അതിലേക്ക് പ്രവേശിക്കുന്നത് എന്നദ്ദേഹം അനേകർക്ക് കാണിച്ചുകൊടുത്തു. അദ്ദേഹത്തിന്റെ സെക്രട്ടറിയച്ചനായിരുന്ന ജോർജ്ജ്



വടക്കൻ കോർ എപ്പിസ്കോപ്പായും കുടുംബവും പിതാവിന്റെ കുടുംബവും പുനരൈക്യപ്പെട്ട് അഞ്ഞൂർ സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ ചേർന്നു.

1977 ഒക്ടോബർ 11 ന് ചായൽ രൂപതയുടെ സ്ഥാനിക മെത്രാനായി പോൾ ആറാമൻ മാർപാപ്പ അദ്ദേഹത്തെ നിയമിച്ചു. 1979 ഒക്ടോബർ 7-ാം തീയതി തിരുമേനി വത്തിക്കാനിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുമായി കൂടിക്കാഴ്ച്ച നടത്തി.

ആരാധനാക്രമത്തിലധിഷ്ഠിതമായ ആഴമായ ഒരു ആധ്യാത്മിക ജീവിതത്തിനുടമയായിരുന്നു അഭിവന്ദ്യ പിതാവ്. സഹിക്കുന്ന ദൈവദാസന്റെ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ചെറുപ്പം മുതൽ രോഗത്താൽ കഷ്ടപ്പെടാൻ തുടങ്ങിയെങ്കിലും ആഴമായ വിശ്വാസവും ദൈവാശ്രയവും മൂലം ദൈവം നൽകുന്നതെന്തും സന്തോഷത്തോടെ സ്വീകരിക്കുവാനും ദൈവഹിതത്തിനു വിധേയപ്പെട്ട് ജീവിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു.

വിശാലമായ ഒരു ഹൃദയത്തിനുടമയായിരുന്നു അഭിവന്ദ്യ പിതാവ്. സഭാനേതൃത്വത്തോടും വൈദികരോടും സന്യസ്തരോടും അത്മായ സഹോദരങ്ങളോടും വലിയ സ്നേഹാദരവുകളോടെയാണ് പെരുമാറിയത്. പുനരൈക്യപ്പെട്ടതിനുശേഷവും തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയിലെ



മാർ ഫീലക്സിനോസ് തിരുമേനിയുടെ പുനരൈക്യത്തിനുശേഷം അഭിവന്ദ്യ അത്തനാസിയോസ് മെത്രാപ്പോലീത്തായോടും അഭിവന്ദ്യ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായോടുമൊപ്പം.



തന്റെ മെത്രാഭിഷേക രജത ജൂബിലിയോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയിൽ മാർ ബസേലിയോസ്, മാർ യൂഹാനോൻ എന്നീ മെത്രാന്മാരോടൊപ്പം.

www.malankaralibrary.com



പാരമ്പര്യത്തെ നിറഞ്ഞ ഹൃദയത്തോടെ സ്നേഹിച്ച ആത്മീയാചാര്യനുമായിരുന്നു അദ്ദേഹം. വൈദികരും വൈദിക വിദ്യാർത്ഥികളും നിർബന്ധമായും സുറിയാനി പഠിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. കർത്താവ് സംസാരിച്ച ഭാഷ എന്ന നിലയിൽ സുറിയാനി ഭാഷയുടെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്നതിനും അദ്ദേഹം അത്യധികം ആഗ്രഹിച്ചു.

21 വർഷക്കാലം മലങ്കര കത്തോലിക്കാ സഭയുടെ മൂന്ന് രൂപതകളിലും അദ്ദേഹം ആത്മീയശുശ്രൂഷ ചെയ്തു. 1998 നവംബർ 3-ാം തീയതി രാത്രി 10.30 ന് തിരുവല്ല പുഷ്പഗിരി ആശുപത്രിയിൽ വച്ച് അഭിവന്ദ്യ തിരുമേനി നിത്യജീവനിലേക്ക് പ്രവേശിച്ചു. നവംബർ 5-ാം തീയതി തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദേവാലയത്തിൽ അദ്ദേഹത്തെ കബറടക്കി.

സഹോദരങ്ങളെയും നാട്ടുകാരെയും സന്ദർശിക്കുന്നതിനും സൗഹൃദം പുതുക്കുന്നതിനും അദ്ദേഹം എപ്പോഴും ശ്രദ്ധാലുവായിരുന്നു.

ഒരു സാഹിത്യാസ്വാദകനും നല്ല കവിയും കൂടിയായിരുന്നു പിതാവ്. അദ്ദേഹത്തിന്റെ കവിതാ സമാഹാരമായ 'കുഞ്ഞുപൂക്കൾ' ഏറെ ശ്രദ്ധേയമാണ്. വിദ്യാഭ്യാസമേഖലയിലും അദ്ദേഹത്തിന്റെ സംഭാവനകൾ വലുതാണ്. വളരെ പിന്നോക്കം നിന്നിരുന്ന മങ്ങാട് എന്ന ഗ്രാമത്തിൽ അദ്ദേഹം ഒരു യു.പി. സ്കൂൾ വാങ്ങുകയും അത് ഹൈസ്കൂളായി 1983 ൽ ഉയർത്തുകയും ഈ പ്രദേശത്തെ ഏറ്റവും നല്ല വിദ്യാഭ്യാസ സ്ഥാപനമായി മാറ്റുകയും ചെയ്തു. ഇന്ന് ആയിരത്തി ഇരുന്നൂറോളം കുട്ടികൾ പഠിക്കുന്ന ഒരു ഹയർ സെക്കൻഡറി സ്കൂളാണ് സെന്റ് ജോസഫ്സ് ആൻഡ് സെന്റ് സിറിൾസ് ഹയർ സെക്കൻഡറി സ്കൂൾ, വെസ്റ്റ് മങ്ങാട്.

അഭിവന്ദ്യ പിതാവിന് സുറിയാനി ഭാഷയിൽ അഗാധ പാണ്ഡിത്യം ഉണ്ടായിരുന്നു. അന്ത്യോക്യൻ

ഒരു പ്രസംഗമദ്ധ്യേ അദ്ദേഹം ഉദ്ധരിച്ച ഒരു വാചകം എഴുതി അവസാനിപ്പിക്കട്ടെ, ''അനുകരണമില്ലാത്ത അനുസ്മരണവും അനുകരണത്തിലേക്ക് നയിക്കാത്ത അനുസ്മരണയും അർത്ഥശൂന്യമാണ്''. അഭിവന്ദ്യ തിരുമേനിയുടെ ജീവിതത്തിൽ പ്രകടമായി വിളങ്ങിയ ദൈവസ്നേഹവും മനുഷ്യസ്നേഹവും സഭാസ്നേഹവും ലാളിത്യവും വിനയവും അദ്ദേഹത്തെ അനുസ്മരിക്കുന്ന ഈ വേളയിൽ നമ്മുടെ ജീവിതത്തിലും അനുകരിക്കാം.

കടപ്പാട് : ''പൗലോസ് മാർ ഫീലക്സിനോസ്- സഭൈക്യത്തിന്റെ അപ്പോസ്തോലൻ''
റവ. ഡോ. ഐസക്ക് പറപ്പള്ളിൽ





www.malankaralibrary.com





**അലീന ട്രീസ സജീവ്**
സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, കല്ലിശ്ശേരി

# പ്രേക്ഷകരുടെ ഉത്തമ മാതൃക - സിയെന്നായിലെ വി. കത്രീന

നാം ജീവിക്കുന്ന ഇന്നത്തെ ലോകം, പ്രത്യേകിച്ച് നമ്മുടെ സഭാത്മക ജീവിതം ഒരുപാടൊരുപാടു വെല്ലുവിളികളുടെയും നമ്മെ തകർക്കുവാൻ, വഴിതെറ്റിക്കുവാൻ ശ്രമിക്കുന്ന വിവിധതരത്തിലുള്ള പ്രേരകശക്തികളുടെയും സമ്മർദ്ദങ്ങളുടെ ഇടയിലൂടെയാണ് കടന്നുപോകുന്നത്.

ജന്മം കൊണ്ട് ക്രിസ്ത്യാനികളായ നാം പലപ്പോഴും ജീവിതംകൊണ്ട് ഈശോയെ പകർന്നുകൊടുക്കുവാൻ കഴിയാതെ നാമമാത്ര ക്രിസ്ത്യാനികളായി മാറാറുണ്ട്. വേദനിക്കുന്നവരുടെ, സഹായം കാംക്ഷിക്കുന്നവരുടെ ദൈന്യത പലപ്പോഴും കണ്ടില്ലെന്ന് നടിച്ചു കൊണ്ട് നാം ജീവിക്കുന്നു.

സഭയെ, സഭാപിതാക്കന്മാരെ, ശുശ്രൂഷാസംവിധാനങ്ങളെ പലപ്പോഴും ഛിദ്രശക്തികൾ അവഹേളിക്കുകയും തകർക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ വെറും കാഴ്ചക്കാരായി മാത്രം നമ്മൾ മാറിപ്പോകുന്നു. നമ്മെ സൃഷ്ടിച്ച് പരിപാലിച്ച് വഴി നടത്തുന്ന ഒരു ദൈവം നമ്മോടൊപ്പം സദാസമയവും ഉണ്ടെന്ന ബോധ്യത്തിൽ ജീവിതത്തെ കാണുവാനും പ്രശ്നങ്ങളെ അതിജീവിക്കുവാനും നമുക്ക് സാധിക്കുന്നുണ്ടോ?

ജീവിതം മുഴുവൻ ഈശോയെ സ്നേഹിച്ച്, അവിടുത്തെ അനുകരിച്ച്, അവിടുത്തെപ്പോലെ മുപ്പത്തിമൂന്നാം വയസ്സിൽ മരണത്തെ പുൽകിയ സിയെന്നായിലെ വിശുദ്ധ കത്രീനയെ ഈ അവസരത്തിൽ ഓർക്കുക ഉചിതമാണ്.

തന്റെ ജീവിതകാലത്ത് സ്വന്തം ജീവിതത്തിലൂടെ സാക്ഷ്യമായി മാറിയ കത്രീന മരണത്തെ പുൽകിയപ്പോൾ ആ ദേഹി തങ്ങളുടെ മണ്ണിൽ അലിഞ്ഞുചേരണമെന്നത് സിയെന്ന എന്ന ഗ്രാമത്തിന്റെ മുഴുവൻ വികാരമായിരുന്നു. പക്ഷേ റോമിൽ നിന്നും ആ ശരീരം കൊണ്ടുപോവുക അസാധ്യമായതിനാൽ സിയെന്നാക്കാർ കത്രീനയുടെ ശിരസ്സ് മാത്രമെടുത്ത് ഒരു സഞ്ചിയിലാക്കി നഗരം കടക്കാൻ ശ്രമിക്കുന്നതും



നഗരപാലകർ സഞ്ചി പരിശോധിക്കുമ്പോൾ അതിനുള്ളിൽ നിറയെ റോസാദളങ്ങൾ മാത്രം കാണപ്പെടുന്നതും സിയെന്നായിലെത്തുമ്പോൾ സഞ്ചിയിൽ ശിരസ്സ് കാണപ്പെടുന്നതുമെല്ലാം ഇന്നും അറിയപ്പെടുന്ന ചരിത്ര കഥയാണ്. കത്രീനയുടെ ശരീരം റോമിലെ സോപ്രാ-മിനെർവാ മാതാവിന്റെ പള്ളിയിലും ശിരസ്സ് സിയെന്നായിലെ വി. ഡൊമിനിക്കിന്റെ ബസിലിക്കയിലും സംസ്കരിക്കപ്പെട്ടിരിക്കുന്നത് അങ്ങനെയാണ്.

ഇറ്റലിയിലെ സിയെന്നായിൽ 1347 മാർച്ച് മാസം 25-ാം തീയതി പരിശുദ്ധ ദൈവമാതാവിന്റെ മംഗളവാർത്ത തിരുനാളിൽ പിതാവ് ഗിയകോമോ ഡി ബെനിൻകാസയുടെയും മാതാവ് ലാപാ പിയാജെന്റിയുടെയും ഇരുപത്തിമൂന്ന് മക്കളിൽ അവസാനത്തേതായ ഇരട്ടക്കുട്ടികളിൽ ഒരുവളായിട്ടായിരുന്നു കത്രീനയുടെ ജനനം. പിതാവിന്റെ അടിയുറച്ച ക്രൈസ്തവ വിശ്വാസത്തിൽ തികച്ചും മതാത്മകവും ഭക്തിസാന്ദ്രവുമായിരുന്ന ഒരു അന്തരീക്ഷമായിരുന്നു ആ കുടുംബത്തിന്റേത്. ഭക്തരായ മാതാപിതാക്കളുടെ പരിചരണത്തിലൂടെ ഈശോയെ സ്നേഹിച്ചും അവിടുത്തെ ലക്ഷ്യമാക്കിയുമുള്ള ജീവിതമായിരുന്നു ചെറുപ്പത്തിൽതന്നെ അവൾ നയിച്ചിരുന്നത്. പന്ത്രണ്ടാമത്തെ വയസ്സിൽ മകളെ വിവാഹം കഴിപ്പിച്ചയയ്ക്കുവാൻ മാതാപിതാക്കൾ തീരുമാനിക്കുമ്പോൾ, ഞാൻ ഈശോയുടെ മണവാട്ടിയാകുവാൻ തീരുമാനിച്ചിരിക്കുകയാണെന്ന് അവൾ അറിയിച്ചു.

സന്യാസ സഭകളിലൊന്നും ചേരാതെ സ്വന്തം വീട്ടിൽ തന്നെ കഴിഞ്ഞുകൂടിയ അവൾക്ക് 1366 നോടടുത്ത് (പിൽക്കാലത്ത് കത്രീനയുടെ കത്തുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ) ഈശോയുമായുള്ള 'യോഗാത്മ വിവാഹം' (Mystical Marriage) നടന്നതായ അനുഭവമുണ്ടാവുകയും തുടർന്ന് തന്റെ മണവാളൻ തന്നോട് ഏകാന്ത ജീവിതം അവസാനിപ്പിച്ച് അവിടുത്തെപ്പോലെ, ലോകത്തിലേക്കിറങ്ങി മറ്റുള്ളവരെ സ്നേഹിക്കുവാനും സഹായിക്കുവാനും ആവശ്യപ്പെടുന്നതായി തോന്നുകയും ചെയ്തു. ഇതേത്തുടർന്ന് കത്രീനയുടെ ജീവിതം നാഥനെപ്പോലെതന്നെ അഗതികളുടെയും രോഗികളുടെയുമൊപ്പം ആതുരാലയങ്ങളിൽ സമയം ചിലവഴിച്ചുകൊണ്ടുള്ളതായിരുന്നു.

അക്കാലത്ത് യൂറോപ്പിനെ 'പ്ലേഗ്' എന്ന കറുത്ത മരണം ഭീകരമായി വേട്ടയാടിയപ്പോൾ സിയെന്നായിലെ രോഗികൾക്ക് സാന്ത്വനമായി കത്രീന അവരോടൊപ്പമുണ്ടായിരുന്നു. കത്രീനയ്ക്ക് രോഗശാന്തി വരം ഉണ്ടെന്ന കേൾവി അക്കാലത്തുതന്നെ ചുറ്റുപാടുകളിൽ പരന്നിരുന്നു. മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ട് മാനസികമായി തകർന്ന് കഴിഞ്ഞിരുന്ന അനേകം തടവുപുള്ളികളെ ആത്മീയ നവീകരണത്തിലേക്ക് കൊണ്ടുവരുവാനായി അവളുടെ സന്ദർശനവും വാക്കുകളും പ്രയോജനപ്പെട്ടു.

സിയെന്നായിലെ കത്രീനയുടെ സുകൃതപൂർണ്ണമായ ജീവിതം അനേകം സ്ത്രീപുരുഷന്മാരെ അവളുടെ അരികിലേക്ക് അടുപ്പിക്കാനിടയാക്കി. തന്റെ ആശയങ്ങൾ പ്രഘോഷിക്കുന്നതിനൊപ്പം മറ്റുള്ളവരിലേക്ക് കത്തുകളിലൂടെ അവ പകർന്നു നൽകുവാനും കത്രീന പരിശ്രമിച്ചു. സഭ കടന്നുപോയിക്കൊണ്ടിരുന്ന ജീർണ്ണതയുടെ കാലഘട്ടത്തിൽ അതിനെ നീക്കംചെയ്യുക എന്നതായിരുന്നു കത്രീനയുടെ നിദാന്തപരിശ്രമം.

ഫ്രഞ്ച് ചക്രവർത്തിമാരുടെ സ്വാധീനംമൂലം മാർപാപ്പയുടെ ആസ്ഥാനം റോമിൽനിന്ന് ഫ്രാൻസിലെ അവിഞ്ഞോണിലേക്ക് മാറ്റിയതിനെ തുടർന്നുണ്ടായ അസ്ഥിരതയുടെയും ജീർണ്ണതയുടെയും കാലത്തെ അതിജീവിച്ച് റോമിനെ വീണ്ടും മാർപാപ്പയുടെ ആസ്ഥാനമാക്കാനുള്ള അക്ഷീണ പരിശ്രമമായിരുന്നു കത്രീനയുടേത്. ഇറ്റലിയിലെ നഗര-രാഷ്ട്രങ്ങൾക്കിടയിലുണ്ടായിരുന്ന



www.malankaralibrary.com

അസമാധാനം മാറ്റി സമാധാന അന്തരീക്ഷം പുനഃ സ്ഥാപിക്കുക എന്നത് അവൾ ജീവിതദൗത്യമായി ത്തന്നെ കരുതിയിരുന്നു. അതിനായി രാഷ്ട്രങ്ങ ളിലെ ഉന്നതസ്ഥാനീയർക്ക് ഒരുപാട് കത്തുകൾ എഴുതി അയച്ചു. കൂടാതെ, പുരോഹിതന്മാർക്കി ടയിൽ നവീകരണം ഉണ്ടാക്കാനും ഇറ്റലിയിലെ ഭരണസംവിധാനങ്ങൾ ശുദ്ധീകരിക്കുവാനും അഭ്യർത്ഥിച്ചുകൊണ്ട് ഗ്രിഗറി 13-ാമൻ മാർപാപ്പ യ്ക്ക് കത്രീന നിരന്തരം കത്തുകളയച്ചിരുന്നു. പൗരോഹിത്യത്തിന്റെ നവീകരണത്തിനും ആഴ മായ ദൈവസ്നേഹത്തിലൂടെ ജന്മംകൊള്ളുന്ന മാനസാന്തരത്തിനും ആത്മീയ നവോത്ഥാനത്തി നും ആഹ്വാനം ചെയ്തുകൊണ്ട് കത്രീന യാത്രകൾ നടത്തി.

അവളുടേതായ 300 കത്തുകൾ ഇന്നും പവിത്രമായി സൂക്ഷിച്ചു പോരുന്നുണ്ട്. അതോടൊപ്പം തന്നെ "ദൈവപരിപാലനയുടെ സംവാദം" എന്ന കത്രീനയുടെ മഹത്തായ രചനയും സൂക്ഷിച്ചു പോരുന്നുണ്ട്. ദൈവത്തിലേക്ക് ഉയരുന്ന മനുഷ്യാ ത്മാവും ദൈവവുമായുള്ള സംഭാഷണരൂപത്തിലാണ് 1377-78 കാലഘട്ടത്തിൽ ഈ രചന രേഖപ്പെടുത്തിയി രിക്കുന്നത്. നിരക്ഷരയായിരുന്ന കത്രീന 1377 ൽ അത്ഭുതകരമായി എഴുതാൻ പഠിച്ചതും ദൈവവുമാ യുള്ള ആഴമേറിയ ബന്ധത്തിന്റെ ഉത്തമോദാഹരണ മാണ്. കത്രീനയുടെ ജീവചരിത്രകാരനായ കംപൂ വായിലെ റെയ്മണ്ട് രേഖപ്പെടുത്തിയിരിക്കുന്ന ഗ്രന്ഥത്തിലാണ് ഈ കാര്യങ്ങളെല്ലാം വിശദമായി മനസ്സിലാക്കാൻ സാധിക്കുന്നത്.

ജീവിതത്തിന്റെ അവസാന നാളുകളിൽ തിരുവോസ്തി മാത്രം സ്വീകരിച്ചുകൊണ്ടുള്ള ജീവി തമായിരുന്നു ഈ വിശുദ്ധ നയിച്ചിരുന്നത്. 1380 ഏപ്രിൽ 29 ലെ വസന്തകാലത്ത് 33-ാം വയസ്സിൽ റോമിൽ വച്ച് ഹൃദയാഘാതം മൂലമാണ് കത്രീന തന്റെ പ്രിയമണവാളന്റെ അരികിലേക്ക് യാത്രയായത്.





1461 ൽ പീയൂസ് 2-ാമൻ മാർപാപ്പ കത്രീനയെ വിശുദ്ധയായും 1940 മെയ് 15 ന് 12-ാം പീയൂസ് മാർപാപ്പ അസ്സീസിയിലെ ഫ്രാൻസിസിനോടൊപ്പം കത്രീനയെ ഇറ്റലിയുടെ മദ്ധ്യസ്ഥയായും പ്രഖ്യാ പിച്ചു. 1970 ൽ പോൾ 6-ാമൻ മാർപാപ്പ കത്രീനയെ ആവിലായിലെ ത്രേസ്യായോടൊപ്പം വേദപാരംഗത യായും 1999 ൽ ജോൺ പോൾ 2-ാമൻ മാർപാപ്പ കത്രീനയെ യൂറോപ്പിന്റെ മധ്യസ്ഥരായ വിശുദ്ധരിൽ ഒരാളായും പ്രഖ്യാപിച്ചു.

നല്ല ഉറപ്പുള്ള, ആഴമായ വിശ്വാസജീവിതം നയിക്കുന്ന മാതാപിതാക്കൾ, വിശ്വാസം നിറഞ്ഞു തുളുമ്പുന്ന കുടുംബാന്തരീക്ഷം - ഇവയെല്ലാമാണ് കത്രീനയെ വിശുദ്ധിയിൽ ആഴപ്പെടുവാൻ സഹാ യിച്ച അടിത്തറകൾ. 'യുവത്വം' തുളുമ്പുന്ന ഈ വിശുദ്ധ, സഭയുടെ വീഴ്ചകളിൽ താങ്ങാവുകയും മറ്റുള്ളവരുടെ പരിഹാസസ്വരങ്ങളെ സന്തോഷ ത്തോടെ സ്വീകരിക്കുകയുമാണ് ചെയ്തത്. ആത്മാ ക്കൾക്ക് രക്ഷയും വേദനിക്കുന്നവർക്ക് സാന്ത്വനവുമാ കുവാൻ, സഭയുടെ വളർച്ചയ്ക്കുവേണ്ടി പരിഹാസ ങ്ങളേൽക്കുവാൻ വി. കത്രീന നമ്മെയും ആഹ്വാനം ചെയ്യുന്നു.

ഈ മാതൃകകൾ ഇന്നും വരാനിരിക്കുന്ന തലമുറകൾക്കും ജീവിതത്തിൽ പ്രേരകശക്തിയായി മാറുവാൻ, പ്രചോദിപ്പിക്കുവാൻ ഒരു നിറപുഞ്ചിരി യോടെ ലില്ലിപുഷ്പങ്ങളേന്തിക്കൊണ്ട് സിയെന്നാ യിലെ വി. കത്രീന നമ്മുടെയിടയിൽ ഇപ്പോഴും ജ്വലിച്ചു നിൽക്കുന്നു.

# പാദമുദ്രകൾ

(എം.സി.വൈ.എം. മുൻകാല നേതാക്കന്മാരുടെ ഓർമ്മകുറിപ്പുകൾ)



**ലിജു ജോർജ്ജ് കളിയന്താനത്ത്**
(എം.സി.വൈ.എം. സഭാതല ജനറൽ സെക്രട്ടറി, 1996–98)

യുവജനശുശ്രൂഷയിൽ 20 വർഷക്കാലം വിവിധതലങ്ങളിൽ പ്രവർത്തിക്കാൻ കഴിഞ്ഞത് ദൈവാനുഗ്രഹമാണ്. പതിനേഴാമത്തെ വയസ്സിൽ (1988) മലങ്കര കത്തോലിക്കാ സഭയുടെ പിള്ളത്തൊട്ടിലായ മുണ്ടൻമലയ്ക്ക് സമീപമുള്ള വടശ്ശേരിക്കര ഇടവകയിലെ യൂണിറ്റ് പ്രസിഡന്റായി പ്രവർത്തനമാരംഭിച്ചു. 1990 ൽ, എം.സി.വൈ.എം. പ്രസ്ഥാനം 1971 ൽ രൂപംകൊണ്ട റാന്നി–പെരുനാട് വൈദിക ജില്ലയുടെ പ്രസിഡന്റായി, 1991 ൽ പുനലൂർ ഉറുകുന്നിൽ നടന്ന അതിരൂപതാ സെനറ്റിൽ വച്ച് കെ.സി.വൈ.എം. സെനറ്റ് അംഗമായി തെരഞ്ഞെടുത്തു. 1995 ൽ വീണ്ടും ജില്ലാ പ്രസിഡന്റ്. 1996–98 വരെ എം.സി.വൈ.എം. കേന്ദ്ര സമിതിയുടെ ജനറൽ സെക്രട്ടറി. കേരളത്തിനു പുറത്ത് മിക്ക സംസ്ഥാനങ്ങളിലും പ്രസ്ഥാനം വളർത്താനും പൂനെയിൽ നടന്ന യുവജന കൺവെൻഷൻ, ഭിലായിയിലും ചെന്നൈയിലും വച്ച് വാർഷിക സെനറ്റ് തെരഞ്ഞെടുപ്പുകൾ നടത്താനും സാധിച്ചു. കേരളത്തിന് പുറത്ത് ആദ്യമായി ഒരു വാർഷിക പരിപാടി സംഘടിപ്പിച്ചത് അക്കാലത്തായിരുന്നു. കേന്ദ്ര ഓഫീസ് കോട്ടയത്ത് സജീവമാക്കിയതും യുവചേതനയുടെ പ്രഥമ പതിപ്പ് ശ്രീ. ഉമ്മൻ ചാണ്ടി എം.എൽ.എ യെ കൊണ്ട് പ്രകാശനം ചെയ്ത് തുടങ്ങിയതും അന്നത്തെ പ്രസിഡന്റ് ജോസ് മനയ്ക്കത്തോട്ടത്തിന്റെയും ഡയറക്ടർ ഫാ. ജോഷ്വാ കുറ്റിയിൽ ഒ.ഐ.സി., ട്രഷറർ ബാബു കല്ലുങ്കൽ തുടങ്ങിയവരുടെ സഹായ ത്താൽ കഴിഞ്ഞത് 1997–ലാണ്. കേന്ദ്രസമിതിക്ക്, ചെയർമാനായിരുന്ന സിറിൽ മാർ ബസേലിയോസ് പിതാവിന്റെ വലിയ പിന്തുണയാൽ ഒരു ഫണ്ട് ഉണ്ടാക്കിയതും എം.സി.വൈ.എം. ദിനത്തോടനുബന്ധിച്ച് രൂപതകൾക്ക് ഫ്രാൻസിസ് അസ്സീസി പഠന സെമിനാർ നടത്താൻ സാമ്പത്തിക സഹായം ചെയ്തു തുടങ്ങിയതും വലിയ കാര്യങ്ങൾ ആയിരുന്നു. ഇതേ കാലത്താണ് കേരളത്തിനുപുറത്ത് മാർത്താണ്ഡം രൂപത ആരംഭംകുറിച്ച്, എം.സി.വൈ.എം. രൂപപ്പെട്ടത്. തിരുവനന്തപുരത്ത് 1997 ൽ പ്രസ്ഥാനത്തിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.



1998 ൽ തന്നെ അഭിവിക്ത (ഇന്നത്തെ പാറശ്ശാല, മാവേലിക്കര, തിരുവനന്തപുരം, പത്തനംതിട്ട) തിരുവനന്തപുരം അതിരൂപതയുടെ പ്രസിഡന്റായി

തെരഞ്ഞെടുത്തു. എല്ലാ ജില്ലകളിലും മാർത്താണ്ഡ രൂപതയിലും പ്രസ്ഥാനം സജീവമാകാൻ അന്നത്തെ ഡയറക്ടർ ഫാ. ജോൺ തുണ്ടിയത്ത്, ജനറൽ സെക്രട്ടറി പരേതനായ സജി മാത്യു ഇലന്തൂർ, ട്രഷറർ ജോണി സി. എ. തുടങ്ങിയവരുടെ സഹായത്താൽ കഴിഞ്ഞു. 'ബേദ്‌ലഹേം 2000' എന്ന വലിയ യുവജനസംഗമം (5000 പേർ) തിരുവനന്തപുരം സെന്റ് മേരീസ് സ്കൂളിൽ വച്ച് സംഘടിപ്പിച്ച് ചരിത്രത്തിന്റെ ഭാഗമായി. ജില്ലകളിൽ ത്രിദിന ക്യാമ്പുകൾ. കരിയർ ഗൈഡൻസ് ക്ലാസുകൾ, വിവിധ കലാപരിപാടികൾ, രണ്ടായിരത്തിലെ മഹാജൂബിലിക്കായി അഞ്ഞൂറോളം ദേവാലയങ്ങൾ സന്ദർശിച്ച് 'ജൂബിലി പ്രഘോഷണ ജാഥ' ഇവ സംഘടിപ്പിച്ചു. തെരുവുനാടകം, പ്രസംഗങ്ങൾ, കലാരൂപങ്ങൾ ഇവ ചേർന്ന് ഒരുക്കിയ യാത്രയ്ക്ക് പ്രധാന സംഘാടകൻ ഡോ. സാമുവൽ കാട്ടുകല്ലിൽ (സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ) ആയിരുന്നു.




1999 ൽ ഫ്രാൻസിലെ തെയ്സെയിൽ നടന്ന ലോക യുവജന പ്രാർത്ഥന കൂട്ടായ്മയിൽ പങ്കെടുക്കാൻ ഇന്ത്യയിലെ എട്ടംഗ ടീമിൽ അംഗമായിപ്പോകാൻ അവസരം കിട്ടി. ഡൽഹിയിലെ റവ. ഫാ. നിക്കോളാസ് ഡയസ് ഒപ്പമുണ്ടായിരുന്നു. 2000 ൽ കെ. സി. വൈ. എം. സംസ്ഥാന സമിതിയിൽ വൈസ് പ്രസിഡന്റായിരുന്നു. പാറശ്ശാല മുതൽ തൃശ്ശൂർ വരെ വിവിധ ജില്ലകളിൽ സന്ദർശിച്ച 'ജീവൻ സംരക്ഷണയാത്ര', ഡയറക്ടറായിരുന്ന ഡോ. ഫാ. തോമസ് വള്ളിയാനിപ്പുറത്തിനൊപ്പം നടത്തിയത് സ്മരിക്കുന്നു. തൃശ്ശൂരിൽ ലക്ഷങ്ങൾ പങ്കെടുത്ത റാലിയും സമ്മേളനവും അക്കാലത്ത് ഒരു വേറിട്ട അനുഭവമായിരുന്നു. കൊല്ലം വാടി കടപ്പുറത്ത് 14 ദിവസം നീണ്ട സഹവാസ ക്യാമ്പ് മത്സ്യതൊഴിലാളികൾക്കൊപ്പം നടത്തിയതും ഓർക്കുന്നു.

കെ.സി.വൈ.എം. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേന്റെ നേതൃത്വത്തിൽ ഐ.സി.വൈ.എം. ദേശീയതലത്തിൽ രൂപീകരിക്കാനുള്ള ചർച്ചകളിൽ സജീവമായി ഇടപെട്ട് മലങ്കരയുടെ ശബ്ദം കേൾപ്പിക്കാൻ കഴിഞ്ഞു. 2002 കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റായി. തിരുവനന്തപുരത്ത് 2003 ജനുവരി മാസത്തിൽ കെ.സി.വൈ.എം. ന്റെ സിൽവർ ജൂബിലി ഉദ്ഘാടനവും റാലിയും സംഘടിപ്പിച്ച് കെ.സി.വൈ.എം. ൽ നിന്ന് പടിയിറങ്ങി. 2002 ൽ കാനഡയിലെ ടൊറോന്റോയിൽ നടന്ന ലോക യുവജന സമ്മേളനത്തിൽ സംബന്ധിച്ച് ഐ.സി.വൈ.എം. ഡയറക്ടർ ഫാ. ആൽവിൻ ഡിസൂസയ്ക്കൊപ്പം ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ കാണാൻ അവസരമുണ്ടായി. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റായിരിക്കുമ്പോൾതന്നെ കൊട്ടാരക്കര അലക്കുഴി ഇടവകാംഗമായ ഷൈനിയെ വിവാഹം കഴിച്ചു. രണ്ട് മക്കൾ മൂത്തമകൾ പ്ലസ് ടു വിദ്യാർഥിനി, മകൻ 6-ാം ക്ലാസിൽ. ഭാര്യ പാലക്കുഴി ഷൈനി ഗവൺമെൻറ് ഹയർ സെക്കണ്ടറി അധ്യാപിക. മകൾ വടശ്ശേരിക്കര എം.സി. വൈ. എം. യൂണിറ്റ് ട്രഷറർ കൂടിയാണ്.

എം.സി.വൈ.എം. പ്രസ്ഥാനത്തിൽ പ്രവർത്തിച്ചത് ജീവിതത്തിൽ വിലപ്പെട്ട അനുഭവമാണ്. ലോകം മുഴുവൻ കാണാൻ, ധാരാളം സുഹൃത്തുക്കൾ, ഏതു കോണിലും കണ്ടെത്താൻ ജാതിമത വ്യത്യാസങ്ങൾക്ക് അതീതമായി നല്ല സൗഹൃദം സൃഷ്ടിക്കാൻ ഒക്കെ കഴിഞ്ഞു. പൊതുസമൂഹത്തിൽ എളിയവനായ എനിക്ക് ഒരു അംഗീകാരം, പ്രത്യേകിച്ച് തലസ്ഥാനത്ത് നേടാൻ കഴിഞ്ഞു. നേതൃത്വപാടവം, സംഘാടനാമികവ് ഇവ തെളിയിക്കാൻ കഴിഞ്ഞു. ഇതിനിടയിൽ വിദ്യാഭ്യാസം തകരാതെ മാർ ഇവാനിയോസ് കോളേജ് മുതൽ ലോ കോളേജ് വരെ പഠിക്കാൻ കഴിഞ്ഞതും പ്രത്യേകം പരാമർശിക്കുന്നു. ഒരു അധ്യാപകനായി പ്രവർത്തിക്കാൻ, ഇപ്പോൾ ഒരു പ്രധാനാധ്യാപകനാവാൻ സാധിച്ചത് പ്രസ്ഥാനത്തിൽ നിന്ന് കിട്ടിയ കരുത്താണ്.

പ്രസ്ഥാനം വഴി കൂടുതൽ ദൈവത്തെ അറിയുവാനും റോമിലും ലൂർദ്ദിലെ മാതാവിന്റെ സന്നിധിയിലുമൊക്കെ പോയത് വഴി ആത്മീയമായി ഉയരാനും കഴിഞ്ഞു. കേരളത്തിലും കേരളത്തിലെ മുപ്പതോളം രൂപതകളിലും സി.ബി.സി.ഐയിലെ പിതാക്കന്മാരോടും ഐ.സി.വൈ.എം., കെ.സി.വൈ.എം. എം.സി.വൈ.എം. തലത്തിലെ ഡയറക്ടർമാരോടൊപ്പവും നിരവധി



www.malankaralibrary.com




വൈദികരോടൊപ്പവും അടുത്ത് പ്രവർത്തിക്കാൻ കഴിഞ്ഞു. മലങ്കര സഭയ്ക്ക് നേതൃത്വം നൽകിയ മാർ ഇവാനിയോസ് പിതാവിന് പെരുന്നാട്ടിൽ വലിയ സഹായം ചെയ്ത ആദ്യകാല പുനരൈക്യ പ്രവർത്തകനായ കളിയന്താനത്തെ കോരള വർക്കി സാറിന്റെ കൊച്ചുമകനും ഫാ. ജേക്കബ് കളിയന്താനത്തച്ചന്റെ സഹോദരപുത്രനുമായ എനിക്ക് പുരോഹിത വൃന്ദത്തോട് വലിയ ബഹുമാനവും ആദരവുമാണുള്ളത്. എന്റെ നാട്ടുകാരനായ തോമസ് പിതാവും സ്തേഫാനോസ് പിതാവും മാത്യൂസ് റമ്പാനുമൊക്കെ വലിയ പിന്തുണ നൽകിയിട്ടുണ്ട്. ബത്തേരിയിൽ വികാരി ജനറാൾ സ്ഥാനത്തുനിന്ന് തുടങ്ങിയ സഭയുടെ തലവൻ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ തിരുമേനി വലിയ പ്രോത്സാഹനമായിരുന്നു. എന്നാൽ യുവജനരംഗത്ത് വലിയ സ്വാധീനം ചെലുത്തിയത് സിറിൽ ബസേലിയോസ് കാതോലിക്കാബാവ തിരുമേനിയും കെ.സി.വൈ.എം. മുൻ ഡയറക്ടർ ഫാ. തോമസ് വള്ളിയാനിപ്പുറവുമാണ്. പ്രസ്ഥാനത്തിൽ പ്രാരംഭതലത്തിൽ സ്വാധീനിച്ചത് ഫാ. ജോഷ്വാ പീടികയിലാണ്.

പ്രസ്ഥാനത്തിലെ പ്രവർത്തനങ്ങൾ ഒന്നും എനിക്ക് മറക്കാൻ കഴിയുന്നില്ല. ഇന്നലെ പോലെ ഓർത്തിരിക്കുന്നു. ഏറ്റവും പ്രധാനപ്പെട്ടത് രണ്ടായിരത്തിലേക്ക് കടന്നപ്പോൾ നടത്തിയ 'ബത്‌ലഹേം 2000' യുവജനസംഗമത്തിന്റെ സംഘാടനമാണ്. മുൻകാല നേതാക്കന്മാരെ എല്ലാം ഞാൻ നടത്തിയ പരിപാടികളിൽ ക്ഷണിക്കുകയും നല്ലവാക്കുകൾ പറയാൻ ഞാൻ അവസരം ഉണ്ടാക്കുകയും ചെയ്യാറുണ്ടായിരുന്നു. എന്റെ സഹപ്രവർത്തകനായിരുന്ന മരണമടഞ്ഞ സജി മാത്യു, ഇപ്പോൾ രോഗാവസ്ഥയിൽ ആയിരിക്കുന്ന ജോസ് മനയ്ക്കാത്തോട്ടം (ബത്തേരി) ഇവർ വലിയ പ്രചോദനമായിരുന്നു.

എന്റെ കുടുംബം മലങ്കര കത്തോലിക്കാ സഭയ്ക്ക് 1930 കൾക്ക് മുമ്പ് തന്നെ വലിയ പിന്തുണ നൽകിയതാണ്. മാർ ഇവാനിയോസ് പിതാവ് വനത്തിന്റെ നടുക്കുള്ള മുണ്ടൻമലയിൽ നിന്ന് നാട്ടിലേക്ക് ഇറങ്ങിയാൽ ഒരു ചെറിയ ടൗൺ ഉള്ളത് വടശ്ശേരിക്കരയിലാണ്. തിരുമേനിക്ക് റോമുമായി കത്തിടപാട് നടത്തുന്നതിന് വടശ്ശേരിക്കര തപാലാഫീസ് മാത്രമായിരുന്നു ആശ്രയം. എന്റെ വല്യപ്പച്ചൻ, പിതാവിന് കത്തുകൾ അയക്കാൻ സഹായിച്ചു തുടങ്ങിയ ബന്ധമാണ്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥനായിരുന്ന കളിയന്താനത്തെ കോരള വർക്കിയാണ് പിതാവിന് എല്ലാം സഹായവും ചെയ്തത്.

എന്റെ പിതാവ് : കെ. വി. ജോർജ്ജ്, മാതാവ് : ലീലാമ്മ ജോർജ്ജ്, സഹോദരൻമാർ : ലിനു, അജി, സഹോദരി : ലിജി, മക്കൾ : അലീന, ആഷിൻ, ഭാര്യ : ഷൈനി സി. (ഫാ. ഷീൻ പാലക്കുഴിയുടെ സഹോദരി)

യുവജനപ്രസ്ഥാന കാലത്ത് തന്നെ രണ്ട് തവണ പാസ്റ്ററൽ കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പത്തനംതിട്ട രൂപതയുടെ പ്രഥമ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, കേരള കാത്തലിക് കൗൺസിൽ വൈസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. ഇപ്പോൾ സഭാപ്രവർത്തനങ്ങളിൽ അത്ര സജീവമല്ലാതെ രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്നു. ഞാൻ എം. സി. വൈ. എം. ജില്ലാ പ്രസിഡണ്ട് ആയിരിക്കുമ്പോൾ തന്നെ പത്തനംതിട്ട ജില്ലാ കെ.എസ്.യു. (ഐ) വൈസ് പ്രസിഡന്റായിരുന്നു. പ്രസ്ഥാനത്തിൽ സജീവമായപ്പോൾ രാഷ്ട്രീയം കുറച്ചു. കെ.സി.വൈ.എം. ഭരണഘടനയിൽ രാഷ്ട്രീയം പാടില്ല എന്ന നിർബന്ധം കൊണ്ട് 2000 ൽ സംസ്ഥാന യൂത്ത് കോൺഗ്രസ് സെക്രട്ടറി സ്ഥാനം ഏറ്റെടുക്കാൻ കഴിഞ്ഞില്ല. എന്നാൽ പിന്നീട് യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറിയായി. ഏഴ് വർഷക്കാലമായി പത്തനംതിട്ട ജില്ലാ കോൺഗ്രസ് കമ്മിറ്റി ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. ആര്യ ഭാരതി എച്ച്. എസ്. ഓമല്ലൂരിലെ പ്രധാന അധ്യാപകൻ കൂടിയാണ്.

ഇന്നത്തെ യുവതലമുറ തലയുയർത്തി നിൽക്കാൻ കഴിയുന്നവരാകണം. പ്രസ്ഥാനത്തിൽ പ്രഥമ സ്ഥാനം യുവജനങ്ങൾക്കായിരിക്കണം. വൈദിക ഉപദേഷ്ടാക്കൾ പിന്നിൽ നിൽക്കുക മാത്രമാണ് ചെയ്യേണ്ടത്. യുവജനങ്ങളെ മുന്നിൽ നിർത്തണം. സ്വന്തം കാലിൽ നിന്ന് പ്രവർത്തിക്കാനുള്ള പരിശീലനം നേടണം. മുൻകാല പ്രവർത്തനങ്ങൾ പരിശോധിച്ച് പ്രവർത്തിക്കണം. പഴയ തലമുറയുടെ അനുഭവവും ഇന്നിന്റെ ശക്തിയും ഒത്തുചേരുമ്പോഴാണ് വിജയം ഉണ്ടാകുന്നത്.

www.malankaralibrary.com





**സി. സംപ്രീത ഡി. എം.**
ആനിമമേറ്റർ
എം.സി.വൈ.എം., പാറശ്ശാല ഭദ്രാസനം

# റോമിലെ വിശുദ്ധ ക്ലെമന്റ്

**"വൈദികരോടുള്ള കീഴ്വഴക്കം അതിന് ദൈവം നമുക്ക് സമ്മാനം നൽകും അവരോട് പ്രദർശിപ്പിക്കുന്ന ബഹുമാനം തനിക്ക് തന്നെ നൽകിയതായി അവിടുന്ന് കരുതും. ഇതിൽ നിങ്ങൾ പരാജയം അടയുകയാണെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമാണ്, നിങ്ങളുടെ സുകൃതങ്ങൾ യഥാർത്ഥമല്ല"**

**– വിശുദ്ധ ക്ലെമെന്റ്**

മനുഷ്യന് അനുകരിക്കാൻ ദൈവം നൽകിയ മാതൃകയാണ് ക്രിസ്തു. ക്രിസ്തു പൂർണ്ണ മനുഷ്യൻ ആയിരിക്കുന്നതുപോലെ പൂർണ്ണ ദൈവവും ആണ്. അതിനാൽ ക്രിസ്തുവിനെപ്പോലെ വിശുദ്ധ ജീവിതം നയിക്കാൻ മനുഷ്യന് സാധിക്കില്ല എന്ന് ചിന്തിക്കുന്നവരുണ്ട്. ഈ പശ്ചാത്തലത്തിൽ സാധാരണ മനുഷ്യനായി ജനിച്ച സാധാരണ ജീവിത സാഹചര്യങ്ങളിലൂടെ മുന്നേറി അസാധാരണ വിശുദ്ധിയിലേക്ക് എത്തിച്ചേർന്ന വ്യക്തിത്വങ്ങളെ സഭ നമ്മുടെ മാതൃകയ്ക്കും അനുകരണത്തിനുമായി ഉയർത്തി കാണിക്കുന്നു. ഇവരെയാണ് വിശുദ്ധർ എന്ന് വിളിക്കുന്നത്. വചനത്തിന്റെ വെളിച്ചത്തിലൂടെ നവീകരണത്തിന്റെ ചലനാത്മകതയിലേക്ക് സഭയെ നയിച്ചവരാണ് വിശുദ്ധർ.

ആദ്യ നൂറ്റാണ്ടിൽ സഭ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി, അതിന്റെ വളർച്ചയ്ക്ക് ഭംഗം വരുത്തുന്ന മതപീഡനം അതോടൊപ്പംതന്നെ സങ്കീർണമായ തത്വചിന്താധാരകളും ക്രിസ്തുവിന്റെ സുവിശേഷം ലോകത്തിന്റെ പല സംസ്കാരങ്ങളിലേക്ക് കടന്നുചെല്ലുമ്പോൾ ഉണ്ടാകുന്ന പല അസഹിഷ്ണുതകളും പരിഗണിച്ചുകൊണ്ട്, അതിനെ അംഗീകരിച്ചു കൊണ്ട്, സ്നേഹത്തിന്റെയും കരുതലിന്റെയും വിശുദ്ധമായ ജീവിതം നയിച്ച വിശുദ്ധ ക്ലെമെന്റിനെ പോലുള്ള അനേകം വിശുദ്ധർ നമുക്ക് ഇന്ന് മാതൃകയാണ്. പത്രോസിന്റെ മൂന്നാമത്തെ പിൻഗാമിയായ വിശുദ്ധ ക്ലെമന്റ് റോമിലെ നാലാമത്തെ മെത്രാനായിരുന്നു. എ.ഡി. 92 മുതൽ 99 വരെ റോമൻ മാർപാപ്പ ആയിരുന്ന ഇദ്ദേഹം ആദ്യത്തെ അപ്പസ്തോലിക പിതാവാണ്. പത്രോസ്, ലിനുസ്, അനാക്ലെറ്റസ്, ക്ലെമന്റ് എന്നു തുടങ്ങുന്നു റോമിലെ മെത്രാന്മാരുടെ പട്ടിക. വിശുദ്ധ പൗലോസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ(4/3) പറയുന്ന ആയുസ്സിന്റെ പുസ്തകത്തിൽ പേര് എഴുതപ്പെട്ടിരിക്കുന്ന ക്ലീമിസ് ഇദ്ദേഹം ആണെന്ന് സഭാപിതാക്കന്മാർ സാക്ഷിക്കുന്നു,

www.malankaralibrary.com

പത്രോസിൽ നിന്ന് നേരിട്ട് കൈവയ്പ് കിട്ടിയെന്ന് ഇവർ പറയുന്നു. അപ്പസ്തോലന്മാരോട് അടുത്ത ബന്ധം പാലിച്ചിരുന്ന വിശുദ്ധ ക്ലെമെന്റിനെ ഒരു അപ്പസ്തോലൻ എന്നാണ് സഭാപിതാക്കന്മാർ വിളിക്കുന്നത്. എ.ഡി. അറുപത്തിരണ്ടാമാണ്ടിൽ ഫിലിപ്പിയിൽ വെച്ച് പൗലോസിന്റെ സഹനങ്ങളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. ശ്ലീഹാ അദ്ദേഹത്തെ സഹപ്രവർത്തകൻ എന്ന് വിളിച്ചതായി കാണുന്നു. അദ്ദേഹത്തിന്റെ കൂടെ റോമിലേക്ക് പോയി പത്രോസിന്റെ പ്രസംഗം കേട്ടു എന്നും അദ്ദേഹം ക്ലെമെന്റിന് മെത്രാൻപട്ടം കൊടുത്തു എന്നും അദ്ദേഹത്തിന്റെ ജീവചരിത്രം സാക്ഷിക്കുന്നു.

ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ റോമിലെ സഭയിലെ ഒരു പ്രധാന അംഗമായിരുന്ന വിശുദ്ധ ക്ലെമെന്റ്, റോമൻ സെനറ്ററിന്റെ മകനായി വെല്ലോതി എന്ന സ്ഥലത്ത് ജനിച്ചു.

യൂദമതത്തിൽ നിന്നുള്ള ആളായിരുന്ന അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ അമൂല്യങ്ങളാണ്. സഭാഭരണാധികാരത്തിന്റെ മാനിഫെസ്റ്റോ എന്ന് ക്ലെമെന്റിന്റെ ലേഖനത്തെ വിളിക്കാം. അപ്പസ്തോലിക പിന്തുടർച്ചയെപ്പറ്റി വ്യക്തമായും സ്പഷ്ടമായും സംസാരിക്കുന്ന ആദ്യത്തെ രേഖയാണിത്. വൈദികരെ എതിർക്കാൻ തുടങ്ങിയ ജനങ്ങൾക്ക് ക്ലെമെന്റ് പാപ്പ എഴുതി – "വൈദികരോടുള്ള കീഴ്‌വഴക്കം അതിന് ദൈവം നമുക്ക് സമ്മാനം നൽകും അവരോട് പ്രദർശിപ്പിക്കുന്ന ബഹുമാനം തനിക്ക് തന്നെ നൽകിയതായി അവിടുന്ന് കരുതും. ഇതിൽ നിങ്ങൾ പരാജയം അടയുകയാണെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമാണ്, നിങ്ങളുടെ സുകൃതങ്ങൾ യഥാർത്ഥമല്ല". സഭയുടെ ഭരണാധികാരികൾ എന്ന നിലയിൽ പ്രസ്ബിറ്റർമാരുടെ അധികാരം അപ്പസ്തോലന്മാർ നിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. പ്രസ്ബിറ്റർമാരെ മാറ്റാൻ ജനങ്ങൾക്ക് അധികാരമില്ല. കാരണം ജനങ്ങളിൽ നിന്നല്ല അവർ അധികാരം സ്വീകരിച്ചിരിക്കുന്നത്. ഭരിക്കാനുള്ള അധികാരം അവർ അപ്പസ്തോലന്മാരിൽ നിന്നാണ് പ്രാപിച്ചത്. അപ്പസ്തോലന്മാർ ക്രിസ്തുവിൽ നിന്നും ക്രിസ്തു ദൈവത്തിൽ നിന്നും.

റോമിലെ ക്ലെമെന്റിന്റെ പേരിൽ അറിയപ്പെടുന്ന പ്രബോധക പ്രധാനമായ ഒരു നോവലിന് 'സേവുഡോ ക്ലെമെന്റയിൻസ്' എന്ന പേരു കൊടുത്തിരിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ കർത്താവ് ആരാണെന്ന് നിശ്ചയമില്ല. റോമൻ രാജകുടുംബത്തിൽപ്പെട്ട ക്ലെമെന്റ് സത്യം തേടിയിറങ്ങുന്നു. താത്ത്വികരാരും അവനെ തൃപ്തനാക്കിയില്ല. ആത്മാവിന്റെ അമർത്യത, ലോകോല്പത്തി ആദിയായ പ്രശ്നങ്ങൾ അവനെ നിരന്തരം അലട്ടിക്കൊണ്ടിരുന്നു. കിഴക്ക് പാലസ്തീനായിൽ ദൈവപുത്രൻ ഉദയം ചെയ്തിരിക്കുന്നു എന്ന വാർത്ത അവൻ കേൾക്കുന്നു, അവൻ ഉടൻ ഇറങ്ങിപ്പുറപ്പെടുകയായി, കേസറിയായിൽ വച്ച് പത്രോസിനെ കണ്ടുമുട്ടുന്നു തുടർന്ന് പത്രോസിന്റെകൂടെ ചുറ്റിനടക്കുന്നു. യാത്രയ്ക്കിടയിലുള്ള അനുഭവങ്ങളാണ് കൃതിയുടെ മിക്കഭാഗവും.

1) 20 പ്രസംഗങ്ങൾ (ഹോമിലികൾ)
2) തിരിച്ചറിയലിന് പത്തു പുസ്തകങ്ങൾ

ഇതെല്ലാമാണ് സേവുഡോ ക്ലെമെന്റയിൻസിൽ നിന്ന് നമുക്ക് ലഭ്യമായവ. ഹോമിലികളിൽനിന്ന് പല കാരണങ്ങൾകൊണ്ടും വ്യത്യസ്തമാണ് തിരിച്ചറിയൽ. യൂദമതത്തോടുള്ള പ്രതിപത്തി ഇവിടെ വളരെ കുറഞ്ഞിട്ടുണ്ട്. അദ്ദേഹം ഒരു വലിയ ചരിത്രകാരനായി അറിയപ്പെടുന്നു. ആ കാലഘട്ടത്തിലെ പ്രധാന സംഭവങ്ങളും തന്റെ മുൻഗാമികളുടെ രക്തസാക്ഷിത്വം ഉൾപ്പെടെയുള്ള കാര്യങ്ങളും അദ്ദേഹം രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. ക്രിസ്ത്യാനികളുടെ ഇടയിൽ തർക്കങ്ങൾ ഉണ്ടായപ്പോൾ അദ്ദേഹം കോറിന്തിലെ ക്രിസ്ത്യാനികൾക്ക് കത്തെഴുതി. അവരുടെ ഇടയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യപ്പെടുകയും അവർ അതിന് തയ്യാറാവുകയും ചെയ്തു. ഇത് സഭയിലെ പ്രശ്നങ്ങൾക്ക് അന്തിമ തീരുമാനം എടുക്കേണ്ടത് മാർപാപ്പയാണെന്ന ഒരു



www.malankaralibrary.com

പതിവ് സംസ്ഥാപിക്കാൻ കാരണമായി.

മലങ്കര കുർബാനയിലെ അഞ്ചാം മധ്യസ്ഥ പ്രാർത്ഥനയിൽ നാം അദ്ദേഹത്തെ ഓർക്കുന്നു. മലങ്കര ക്രമത്തിൽ അദ്ദേഹത്തിന്റെ പേരിൽ ഒരു കുർബാന തക്സ അറിയപ്പെടുന്നു. റോമിലെ ക്ലെമെന്റിന്റെ ബസിലിക്ക അദ്ദേഹത്തിന്റെ വീട് ഇരുന്നിടത്താണ്.

അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചുള്ള ഐതിഹ്യം ഇപ്രകാരമാണ്. ട്രാജൻ ചക്രവർത്തിയുടെ ഭരണകാലത്താണ് അദ്ദേഹം പിടിക്കപ്പെട്ടത്. അദ്ദേഹത്തെ അറസ്റ്റ് ചെയ്യാനായി വന്ന റോമൻ പോലീസ് സേനാധിപനും സൈന്യവും അത്ഭുതകരമായി അന്ധരാക്കപ്പെട്ടു. അതുകൊണ്ട് ക്ലെമെന്റിനു പകരം വേറെ ആളുകളെയാണ് ജയിലിലടച്ചത്. ക്ലെമെന്റിന്റെ പീഡനം ആരംഭിക്കുന്നത് ട്രാജൻ ചക്രവർത്തി അദ്ദേഹത്തെ ഖനിയിലെ കഠിനാധ്വാനത്തിന് അയയ്ക്കുന്നതോടെയാണ്. അദ്ദേഹം ഈ അവസരം തന്റെ കൂടെയുള്ള ക്രിസ്ത്യാനികളെ പ്രബോധിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തി. വിജാതീയരെപ്പോലും ക്രിസ്തുമതത്തിലേക്ക് ആകർഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഈ കാലഘട്ടത്തിൽ അദ്ദേഹം ഒരു അത്ഭുതം പ്രവർത്തിച്ചതായി പറയപ്പെടുന്നു. 'കുറ്റവാളികളുടെ മാർപാപ്പ' എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. തടവുകാർക്ക് വെള്ളത്തിന്റെ അഭാവം അനുഭവപ്പെടുന്നുണ്ട് എന്ന് മനസ്സിലാക്കിയ അദ്ദേഹം പ്രാർത്ഥനയിൽ മുട്ടുകുത്തി മുകളിലേക്ക് നോക്കിയപ്പോൾ ഒരു കുന്നിൻ മുകളിൽ ഒരു ആട്ടിൻകുട്ടിയെ കണ്ടു. ആട്ടിൻകുട്ടി നിൽക്കുന്ന സ്ഥലത്ത് പോയി പിക്കാസ് ഉപയോഗിച്ച് നിലത്തടിച്ചപ്പോൾ ശക്തമായ വെള്ളത്തിന്റെ ഒഴുക്ക് പുറപ്പെട്ടു. ഈ അത്ഭുതത്തിന്റെ ഫലമായി പ്രാദേശിക വിജാതീയരെയും സഹതടവുകാരെയും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുവാൻ അദ്ദേഹത്തിനായി.





അവസാനം അദ്ദേഹത്തെ ഒരു നങ്കൂരത്തിൽ ബന്ധിച്ച് കടലിലേക്ക് എറിഞ്ഞു. ഏതാനും നാളുകൾ കഴിഞ്ഞ് വെള്ളം ഇറങ്ങിയപ്പോൾ കടലിൽ മാലാഖമാർ പണിത ഒരു ശവകുടീരം കാണപ്പെട്ടു. അതിൽ നിന്നാണ് അദ്ദേഹത്തിന്റെ ശരീരം വീണ്ടെടുത്തത്. റോമിലെ ബസിലിക്കയുടെ പ്രധാന അൾത്താരയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന അദ്ദേഹത്തിന്റെ ഭൗതിക അവശിഷ്ടങ്ങൾ തിരുനാൾ ദിനമായ നവംബർ 24 ന് പൊതുവണക്കത്തിനായി പുറത്തെടുക്കുകയും ആഘോഷമായ പ്രദക്ഷിണം നടത്തുകയും ചെയ്യാറുണ്ട്. ആഗോള കത്തോലിക്കാ സഭ അദ്ദേഹത്തെ നാവികരുടെ രക്ഷാധികാരിയായി അംഗീകരിക്കുന്നു.

ആദിമസഭയിൽ തന്റെ വ്യക്തമായ നിലപാടിലൂടെയും തീക്ഷ്ണതയിലൂടെയും മാറ്റങ്ങൾ വരുത്തിയ ക്ലെമെന്റ് രക്തസാക്ഷിയായത് എ.ഡി. 101 ൽ ആണെന്ന് കണക്കാക്കപ്പെടുന്നു. ഇന്ന് ആധുനിക ലോകത്ത് ജീവിക്കുമ്പോൾ ഒരുപക്ഷേ മതപീഡനം നാം ആയിരിക്കുന്ന ജീവിതാവസ്ഥയിൽ നാം നേരിട്ടിട്ടില്ല. എങ്കിലും അതിലുപരിയായി ആധുനിക ലോകം നമുക്ക് തരുന്ന അനേകം വെല്ലുവിളികൾ ഉണ്ട്. വിശ്വാസ ജീവിതത്തിൽ നിന്ന് അകന്നു ജീവിക്കുവാനായി നമ്മെ പ്രേരിപ്പിക്കുന്ന ചില ചിന്താധാരകൾ ഇന്ന് സമൂഹത്തിൽ കടന്നുവരുന്നു. സഭാത്മക ജീവിതവും കൂട്ടായ്മയുടെ ജീവിതവും അന്യംനിൽക്കുന്ന സാഹചര്യത്തിലും കൂട്ടായ്മയുടെ ജീവിതവും അതിന്റെ ഭംഗിയും നിലനിർത്താൻ വിശുദ്ധന്റെ മാധ്യസ്ഥം നമുക്ക് സഹായകമാകട്ടെ.

www.malankaralibrary.com

# Prayerful Youth in Christ

**Merin Varghese**
*St. Antony's SMCC, Vishrantwadi, Pune*

Often I have contemplated, if it would have been easier to live as a Christian 50 years ago or in the present time? This question stems from the dilution of faith and traditions of the church that I see around in the youth of today which includes me too. The staunchness with which our parents or grandparents believe in the Qurbono or the traditions of the church is being lost over generations. There are new ways of worshiping the Lord and it is drastically different from what were considered the ways of worshiping which was two generations ago. Hence I see a rift between the generations in terms of accepting the old (traditions and methods) for the new generation and vice versa.

Has it always been like this? I do not think so. This gap or change would have evolved in probably the third generation (say last 10 years or so) of youths in territories outside Kerala. There is a constant tiff as to what is acceptable and conforms to the traditional forms of worship and what can be defined as the ***new age*** worshiping trends. Are the tunes of ***Hillsong Worship*** or any other band valid and acceptable? Can the circus of putting your hands in the air and jumping like a monkey in a frenzy also be constituted as ACCEPTABLE WORSHIP?!

Of late I have made peace with this ongoing battle in my mind. I now reckon that the best way to attain that peace is to believe in a maxim which came into modern day existence in early 18th century and is still relevant to our everyday lives, which is – ***To Each His Own.***

Christ did not differentiate between his followers. He accepted everyone who came to Him, He cleansed everyone who was impure, He opened His arms for everyone who is ready to bear the cross and walk in His path.

While reading the Bible and recollections from a book called 'Our Daily Bread', I understood that there is a ***Right Way to Pray***. Xochitil Dixon says that our Lord simply desires prayer that begins and ends with humility. Mt 6:6 says; ***"When you pray, go into your room, close the door and pray to your Father, who is unseen."*** This is also iterated in our prayers and songs, one which says – '**goodam muriyil prarthipathinal eeshan sampreethan…**' He invites us into an intimate exchange through which He promises to listen. He never requests fancy words or memorized paragraphs (Mt 6:7). He assures us that prayer is a gift, an opportunity to honour His Majesty (vs 9-10), to display our confidence in His provision (v.11) and to affirm our security in His forgiveness and guidance (vs.12-13).

So every prayer said in honesty and humility will be heard. It is not the words but the intent of the words which He understands even before it comes out of your mouth. He knows what you need and as Isaiah 49:16 says; ***"See I have engraved you on the palms of my hands"*** which ensures us that we will never be away from him. The only thing which distances us from His love are the sins we commit; and the Sacrament of Reconciliation offers us redemption to those sins. The Sacrament of Confession and the Act of Contrition is not a license to commit sins, rather it acts as a tool to realize that the nails which were struck into His hands are sins which we commit and it is into the same hands where he has engraved us into. That realization will help us to stop denying ourselves the undying and unconditional love that He promises.


In my parting thoughts I would like to say to each one reading this article that it is not the ***how*** you pray that matters but the ***what and why*** which does. You don't have to prove to anyone that you can enunciate and elucidate a deep vocabulary. All that matters is the heart-to-heart conversation that you can have with Him just like one you can have with your confidante.

www.malankaralibrary.com

# സഭാതലസമിതി

## ഹെസദ് 2020

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനമായ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം.)ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ഓർമ്മയാണല്ലോ യുവജന ദിനമായി ആഘോഷിക്കപ്പെടുന്നത്. കോവിഡ് 19 ന്റെ പ്രത്യേക സാഹചര്യത്തിൽ ഒക്ടോബർ 4 ന് രാവിലെ 8:30 ന് തിരുവനന്തപുരം തിരുസന്നിധി അരമനയിൽ വച്ച് സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ യുവജനങ്ങൾക്കുവേണ്ടി വി. കുർബാന അർപ്പിച്ചു. തുടർന്ന് എം.സി.വൈ.എം. സഭാതല പ്രസിഡന്റ് ജിത്ത് ജോൺ ഫ്രാൻസിസിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്തു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് ആമുഖസന്ദേശം നൽകി. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് മുഖ്യപ്രഭാഷണം നടത്തി. എം.സി.വൈ.എം. സഭാതല ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ, സഭാതല ജനറൽ സെക്രട്ടറി ജിനു ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. എം.സി.വൈ.എമ്മിന്റെ ഔദ്യോഗിക ചാനൽ വഴി സഭാതല യുവജനദിനാഘോഷം അനേകരിലേക്കു എത്തിക്കുവാൻ സാധിച്ചു.





## ലീഡേഴ്സ് മീറ്റിംഗ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ നേതൃത്വത്തിൽ എല്ലാ ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്മാരെയും പ്രസിഡൻറ്, സെക്രട്ടറി, ആനിമേറ്റർമാരേയും ഉൾക്കൊള്ളിച്ച് ഒക്ടോബർ 23 വെള്ളിയാഴ്ച്ച വൈകിട്ട് 7 മണിക്ക് ഒരു zoom മീറ്റിംഗ് നടത്തി.

## The Way of the Cross

ലോകമെമ്പാടും സമാധാനത്തിന്റെ പ്രതീകമായി നിലകൊള്ളുകയും ക്രൈസ്തവ സ്നേഹത്തിന്റെയും രക്ഷയുടെയും അടയാളമായി കണക്കാക്കുകയും ചെയ്യുന്ന വിശുദ്ധ കുരിശിനെ അപമാനിക്കുന്ന തരത്തിൽ വിശുദ്ധ കുരിശിന്റെ മുകളിൽ കയറി ഇരുന്ന് ഫോട്ടോ എടുത്ത് നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്ന തരത്തിലുള്ള കിരാതമായ മതനിന്ദ നടത്തിയവർക്ക് മാനസാന്തരം ഉണ്ടാകുവാൻ വേണ്ടി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിനോടൊപ്പം നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലെയും യുവജനങ്ങൾ ഒക്ടോബർ 27 ചൊവ്വാഴ്ച വൈകിട്ട് 6 മണിക്ക് കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ച് ദൈവാലയത്തിലോ, തങ്ങളുടെ ഭവനങ്ങളിലോ ആയിരുന്നുകൊണ്ട് രക്ഷയുടെ പ്രതീകമായ വിശുദ്ധ കുരിശിന്റെ വഴിയോ വിശുദ്ധ കുരിശിന്റെ പ്രാർത്ഥനയോ ചൊല്ലിക്കൊണ്ട് പങ്കാളികളായി.





www.malankaralibrary.com

## M2 Youth Session

സമൂഹത്തെ കൂടുതൽ മാനുഷികമാക്കാൻ, മനുഷ്യരെ കൂടുതൽ യോഗ്യതയുള്ളതാക്കാൻ, സാമൂഹികവും സാംസ്കാരികവുമായ ചിന്തകൾ നമ്മിൽ ഉയർത്തുന്ന അനവധി ചോദ്യങ്ങൾക്കുള്ള ഉത്തരവുമായി തിരുവല്ല ഭദ്രാസനത്തിലെ കട്ടപ്പന വൈദിക ജില്ലാ വികാരി ബഹുമാനപ്പെട്ട പ്രദീപ് വാഴത്തറമലയിൽ അച്ചൻ എം.സി.വൈ.എം ഫേസ്ബുക്ക് പേജിലൂടെ യുവജനങ്ങളുമായി സംവദിച്ചു.





## അന്തർദേശീയ ക്വിസ് മത്സരം

എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ മലങ്കര കത്തോലിക്കാ സഭയിലെ യുവരക്തങ്ങൾ അറിവിന്റെ കാഹളങ്ങളുമായി ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഏറ്റുമുട്ടിയപ്പോൾ അന്തർദേശീയ ക്വിസ് മത്സരം ആവേശത്തിന്റെ പോർക്കളമായി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 12 ഭദ്രാസനങ്ങളിൽ നിന്നായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും യുവജനങ്ങൾ പങ്കെടുത്ത ക്വിസ് മത്സരത്തിൽ താഴെ പ്പറയുന്നവർ വിജയികളായി :

1. തിരുവല്ല അതിഭദ്രാസനം, 2. പത്തനംതിട്ട ഭദ്രാസനം, 3. ബത്തേരി ഭദ്രാസനം

പങ്കെടുത്ത മുഴുവൻ ടീമുകൾക്കും ക്വിസ് മാസ്റ്ററായിരുന്ന ബഹുമാനപ്പെട്ട ഷീൻ തങ്കാലയം അച്ചനും പ്രത്യേകം അഭിനന്ദനങ്ങൾ.








## Holy Adoration

സർവ്വശക്തനായ ദൈവം എം.സി.വൈ.എം. ലൂടെ ഈ നിമിഷം വരെ ചൊരിഞ്ഞിട്ടുള്ള നിരവധിയായ നന്മകൾക്ക് നന്ദി. ദിവ്യകാരുണ്യ ആരാധന സന്നിധിയിൽ നമ്മുടെ യുവജന ശുശ്രൂഷകളെ മുഴുവൻ സമർപ്പിച്ച് റവ. ഫാ. സിറിയക് വെച്ചൂർക്കരോട്ട് ഒക്ടോബർ 4 ഞായറാഴ്ച്ച രാത്രി 7 മണിക്ക്, എം.സി. വൈ.എം. ഫേസ്ബുക്ക്, യൂട്യൂബ് പേജുകളിലൂടെ മുഴുവൻ യുവജനങ്ങളെയും പങ്കെടുപ്പിച്ച് ആരാധന നടത്തി.





www.malankaralibrary.com

## തിരുവല്ല അതിഭദ്രാസനം


### യൂത്ത് വീക്ക് പ്രഖ്യാപനം

സെപ്റ്റംബർ 27 ന് നടന്ന സെനറ്റിൽ വച്ച് അതിഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത അതിഭദ്രാസനത്തിൽ യൂത്ത് വീക്കായി പ്രഖ്യാപിച്ചു.

**WITH CHRIST & HIS BODY**

### സഖറിയാസ് മാർ അത്തനാസിയോസ് അനുസ്മരണം

തിരുവല്ല അതിഭദ്രാസനത്തിന്റെ മൂന്നാമത്തെ അധ്യക്ഷനായ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ ഓർമ്മതിരുനാൾ ദിനമായ സെപ്റ്റംബർ 28-ാം തീയതി എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ മാർ അത്തനാസിയോസ് അനുസ്മരണം നടത്തി. ക്രാന്തദർശിയായ അഭിവന്ദ്യ സഖറിയാസ്. മാർ അത്താനാസിയോസ് പിതാവിനെക്കുറിച്ചുള്ള അനുസ്മരണ പ്രഭാഷണം മോൺ. ചെറിയാൻ താഴമൺ അച്ചൻ നടത്തി. അഭിവന്ദ്യ പിതാവിന്റെ ത്യാഗോജ്ജ്വലവും ധീരവുമായ തീരുമാനങ്ങളും പ്രവർത്തനങ്ങളും നമ്മുടെ സഭയ്ക്ക് നൽകിയ അടിത്തറയുടെ ഉള്ളിലേക്ക് ആഴ്ന്നിറങ്ങാൻ ബഹുമാനപ്പെട്ട അച്ചന് സാധിച്ചു.



### ബാവാ തിരുമേനി ആശംസ നൽകി

അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ ഓർമ്മത്തിരുന്നാൾ ദിനത്തിൽ അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി എം.സി.വൈ.എം. യൂത്ത് വീക്കിന് ആശംസകൾ നേർന്നു.

### നസ്രായനോടൊപ്പം

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ യുവജന ദിനത്തിന്റെ ഒരുക്കമായി 'നസ്രായനോടൊപ്പം' യുവജനധ്യാനവും ആരാധനയും Zoom വഴി നടത്തി.




### Speak up Youth

യൂത്ത് വീക്കിൽ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 'ഞാനും എന്റെ സഭയും' എന്ന വിഷയത്തിൽ യുവജനങ്ങൾക്കുവേണ്ടി അവർ തങ്ങളുടെ അഭിപ്രായങ്ങൾ അറിയിച്ച് സംസാരിച്ചു. ഈ വീഡിയോ അതിഭദ്രാസന യൂട്യൂബ് ചാനലിൽ പ്രസിദ്ധീകരിച്ചു. എം.സി.വൈ.എം. സഭാതല ഡയറക്ടർ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കിഴക്കേതിൽ അച്ചന് പ്രത്യേകം നന്ദി അറിയിക്കുന്നു.


www.malankaralibrary.com

## MCYM ORIENTATION TALKS

യൂത്ത് വീക്കിൽ നമ്മുടെ പ്രസ്ഥാനത്തിന്റെ അടിസ്ഥാനപരമായ ആശയങ്ങളിലേക്കു നമ്മളെ നയിച്ചു നമ്മളെ തന്നെ യുവജനശുശ്രൂഷയിൽ നവീകരിക്കാൻ എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ സോഷ്യൽ മീഡിയയിൽ ഒരു Orientation Talk സംഘടിപ്പിച്ചു.

## ഒന്നായി പാടിടാം

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ യൂത്ത് വീക്കിനോട് അനുബന്ധിച്ച് 'ഒന്നായി പാടിടാം' ആന്തം കോമ്പറ്റിഷൻ നടത്തി.

## ASSISIAN THOUGHT SHARING

യുവജന ദിനത്തിൽ വി. ഫ്രാൻസിസ് അസ്സീസിയുടെ ജീവിത ചിന്തകൾ റവ. ഫാ. എബി കിഴക്കേക്കൂറ്റ് പങ്കുവെച്ചു.

## പ്രാർത്ഥനാ ദിനം

ഒക്ടോബർ 18 മിഷൻ ഞായറാഴ്ച, ഫാ. സ്റ്റാൻ സ്വാമിയുടെ മോചനത്തിനായി എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിൽ പ്രാർത്ഥനാദിനമായി ആചരിച്ചു. അതിഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ കത്തീഡ്രലിൽ വച്ച് പ്രാർത്ഥനയും പ്രതിഷേധയോഗവും നടത്തി. അതിഭദ്രാസന ഡയറക്ടർ റാബിയച്ചൻ, കത്തീഡ്രൽ വികാരി ഐസക്ക് പറപ്പള്ളിൽ അച്ചൻ, കോശി മണ്ണിലച്ചൻ, അതിഭദ്രാസന പ്രസിഡന്റ് ലൈജു കോശി മാത്യു, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.




## തിരുവനന്തപുരം മേജർ അതിഭദ്രാസനം

## മാസ്ക് വിതരണം

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി



രണ്ടാം ഘട്ട മാസ്ക് വിതരണം നടത്തപ്പെട്ടു. മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റിയുടെ (എം.എസ്.എസ്) ഡയറക്ടർ ഫാ. തോമസ് മുകളുംപുറത്തിന് മാസ്കുകൾ കൈമാറി. എം.സി.വൈ.എം. മേജർ അതിഭദ്രാസന പ്രസിഡന്റ് ജെറിൻ മാത്യു പുതുവീട്ടിൽ, ജന. സെക്രട്ടറി ലിജു ബാബു കോട്ടവട്ടം, ട്രഷറർ ജിജു ജസ്റ്റിൻ കോഴിയോട്, വൈസ് പ്രസിഡന്റ് ഷാരോൺ കെ. റെജി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## അവശ്യസാധന കിറ്റ് വിതരണം

കോവിഡ് ബാധിതനായ എം.സി.വൈ.എം. കിളിമാനൂർ വൈദികജില്ലാ മുൻ പ്രസിഡന്റിന്റെ ഭവനത്തിന് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ വാങ്ങി നൽകി.

## എക്സിക്യൂട്ടീവ് മീറ്റിംഗ്

എം.സി.വൈ.എം-ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ഭാവി കാര്യങ്ങൾ ചർച്ച ചെയ്യാനുമായി ഒക്ടോബർ മാസം 6-ാം തീയതി അതിഭദ്രസന ഭാരവാഹികളുടെ ഓൺലൈൻ മീറ്റിംഗ് ക്രമീകരിച്ചു. 15 അംഗങ്ങൾ പങ്കെടുത്തു.

## യുവജന ദിനാഘോഷം

ഒക്ടോബർ 4 എം.സി.വൈ.എം. ന്റെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിനം യുവജനദിനമായി സഭ ആഘോഷിക്കുകയാണല്ലോ. കോവിഡിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് യൂണിറ്റ് തലങ്ങളിൽ യുവജനദിനാഘോഷം നടത്തപ്പെട്ടു. യൂണിറ്റ് തലങ്ങളിൽ യുവജനങ്ങൾ കുമ്പസാരിച്ച് വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും കാഴ്ചയർപ്പണം നടത്തുകയും ചെയ്തു. വിശുദ്ധ കുർബാനയ്ക്ക് ശേഷം എം.സി.വൈ.എം. പതാക ഉയർത്തുകയും തുടർന്ന് യുവജനദിന സന്ദേശം നൽകുകയും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.


www.malankaralibrary.com

### മരിയൻ ധ്യാനം

ജപമാല മാസാചരണത്തിന്റെ ഭാഗമായി ഒക്ടോബർ 11 ശനിയാഴ്ച വൈകിട്ട് 7 മണിക്ക് യുവജനങ്ങൾക്കായി ഓൺലൈൻ മരിയൻ ധ്യാനം നടത്തപ്പെട്ടു. മാർ ഈവാനിയോസ് കോളേജ് ബർസാർ റവ. ഫാ. ജോഷ്വാ കൊച്ചുവിളയിൽ ധ്യാനം നയിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

### പ്രതിഷേധ ജ്വാല

ഝാർഖണ്ഡിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന സാമൂഹ്യപ്രവർത്തകനും ജെസ്യൂട്ട് വൈദികനുമായ ഫാ. സ്റ്റാൻ സ്വാമിയെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തകിരാത നടപടിയിൽ പ്രതിഷേധിച്ച് മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഒക്ടോബർ 15 വ്യാഴാഴ്ച വൈകുന്നേരം 6.00 മണിക്ക് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിന് മുന്നിൽ പ്രതിഷേധ ജ്വാല നടത്തി. സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്ത പ്രതിഷേധ സംഗമത്തിൽ മോൺ. മാത്യു മനക്കരക്കാവിൽ കോർ എപ്പിസ്കോപ്പ, മോൺ. ഡോ. വർക്കി ആറ്റുപുറത്ത്, എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന അസി. ഡയറക്ടർ ഫാ. അരുൺ ഏറത്ത്, സഭാതല പ്രസിഡന്റ് ജിത്ത് ജോൺ ഫ്രാൻസിസ്, ബഹുമാനപ്പെട്ട വൈദികർ, സിസ്റ്റേഴ്സ്, മേജർ അതിഭദ്രാസന ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. മേജർ അതിഭദ്രാസനത്തിലെ 217 യൂണിറ്റുകളിലും വൈദികജില്ലാ വികാരിമാരുടെയും ജില്ലാ ഡയറക്ടർമാരുടെയും പ്രസിഡന്റുമാരുടെയും നേതൃത്വത്തിൽ ഇതേസമയം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രതിഷേധജ്വാല നടത്തപ്പെടുകയും ചെയ്തു.




### ഏകദിന ഉപവാസം

സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ



2016 മുതൽ നിയമിതരായ മൂവായിരത്തിൽപ്പരം അധ്യാപകർ വേതനം ഇല്ലാതെ ജോലി ചെയ്യുന്നു. പ്രതിഫലമില്ലാതെ അഞ്ചാമത്തെ വർഷത്തിലും ജോലി ചെയ്യേണ്ടിവരുന്ന അധ്യാപകരുടെ നിർഭാഗ്യകരമായ ഈ അവസ്ഥ കണ്ടില്ലെന്ന് നടിക്കുന്ന സർക്കാരിനെതിരെ കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റ് പടിക്കൽ ഉപവാസ സമരം നടത്തിവരുന്നു.

ഈ ഉപവാസ സമരത്തിന് എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ പേരിലുള്ള എല്ലാവിധ ഐക്യദാർഢ്യവും പിന്തുണയും പ്രഖ്യാപിച്ചു.

### ജപമാല മാസാചരണം

ഒക്ടോബർ മാസം ജപമാല മാസമായി ആചരിക്കുന്നതിനോട് അനുബന്ധിച്ച് മേജർ അതിഭദ്രാസനത്തിലെ 217 യൂണിറ്റുകൾക്ക് വേണ്ടി അതിഭദ്രാസന സമിതി ജപമാല ചൊല്ലി പ്രാർത്ഥിച്ചു വരുന്നു.

## പത്തനംതിട്ട ഭദ്രാസനം

### നിങ്ങളാണ് താരം

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ ഇടവകകളിലെ മികച്ച യുവസംരംഭകരെ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനുമുള്ള ഓൺലൈൻ പ്രോഗ്രാം എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജ്, യൂട്യൂബ് ചാനൽ എന്നിവ വഴി വീഡിയോകൾ പ്രദർശിപ്പിച്ചുവരുന്നു.

### യുവജന ദിനം

ഒക്ടോബർ 4-ാം തീയതി യുവജന ദിനമായി ആഘോഷിക്കുകയാണല്ലോ. സാഹചര്യത്തിന്റെ പരിമിതികളിൽ നിന്നുകൊണ്ട് എല്ലാ യൂണിറ്റുകളും യുവജന ദിനം ആഘോഷിച്ചു. അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവ് ഗൂഗിൾ മീറ്റ് വഴി ഒക്ടോബർ 4-ാം തീയതി വൈകുന്നേരം 7 മണി മുതൽ യുവജനങ്ങൾക്ക് സന്ദേശം നൽകി.


www.malankaralibrary.com

### അഭിനന്ദനങ്ങൾ

എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട അന്തർദേശീയ ക്വിസ് മത്സരത്തിൽ രണ്ടാം സ്ഥാനം നേടി ഭദ്രാസനത്തിന്റെ അഭിമാനമായ പ്രിയപ്പെട്ടവർക്ക് ഭദ്രാസന സമിതിയുടെ അഭിനന്ദനങ്ങൾ!

### കോവിഡ് ടാസ്ക്ക് ഫോഴ്സ്

കോവിഡ് ബാധിച്ചവരുടെ സംസ്കാര ശുശ്രൂഷ നടത്തുന്നതിന് വേണ്ടിയാണ് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി കോവിഡ് ടാസ്ക്ക് ഫോഴ്സ് രൂപീകരിച്ചത്. ടാസ്ക്ക് ഫോഴ്സ് അംഗങ്ങൾ ആദ്യ ദൗത്യശുശ്രൂഷ നിർവഹിച്ചിരിക്കുന്നു. ഭദ്രാസനത്തിലെ മെഴുവേലി വെസ്റ്റ് ദൈവാലയത്തിൽ മരണപ്പെട്ട വ്യക്തിക്ക് കോവിഡ് പോസിറ്റീവ് സ്ഥിരീകരിച്ചതിനെത്തുടർന്നാണ് പ്രത്യേക പരിശീലനം നേടിയ ടാസ്ക്ക് ഫോഴ്സ് അംഗങ്ങൾ ശവസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത്.

പി.പി.ഇ. കിറ്റ് ഇടാൻ സഹായിച്ചതും വേണ്ട ക്രമീകരണങ്ങൾ നൽകിയതും ഫാ. വർഗ്ഗീസ് ചാമക്കാലയിൽ, ഫാ. വർഗീസ് സാമുവേൽ, ശ്രീമതി ഷീജ എന്നിവർ ചേർന്നാണ്. ബഹുമാനപ്പെട്ട വൈദികരും യുവജനങ്ങളും ശുശ്രൂഷയിൽ പങ്കുചേർന്നു.



### പ്രതിഷേധം

ഫാ. സ്റ്റാൻ സ്വാമി - ആദിവാസികളുടെ ദുരിതങ്ങൾ മാറ്റാൻ സമരപോരാട്ടം നടത്തുന്ന മനുഷ്യാവകാശപ്രവർത്തകൻ. ഭൂമിക്കു വേണ്ടിയും വനാവകാശത്തിന് വേണ്ടിയും ആദിവാസികൾ നടത്തുന്ന സമരങ്ങളെ പിന്തുണക്കുകയും അത്തരം പ്രശ്നങ്ങളെക്കുറിച്ചു ആഴത്തിൽ പഠിക്കുകയും ചെയ്യുന്ന വ്യക്തി എന്ന നിലയിൽ വളരെയധികം അംഗീകാരം നേടിയിട്ടുള്ള ഈശോ സഭാ വൈദികൻ. എൺപത്തിനാലു വയസ്സുള്ള ഈ വൈദികനെ മാവോയിസ്റ്റ് ബന്ധം ആരോപിച്ച് ജയിലിലടച്ചത് തീർത്തും മനുഷ്യത്വരഹിതവും നീതിനിഷേധവുമാണ്. എത്രയും വേഗം അച്ചന്റെ മോചനം ഉറപ്പാക്കണമെന്ന് ആവശ്യപ്പെടുകയും, ഒപ്പം പത്തനംതിട്ട ഭദ്രാസന സമിതിയുടെ പ്രതിഷേധം അറിയിക്കുകയും ചെയ്തു.



## മാവേലിക്കര ഭദ്രാസനം

### "Voice for Fr. Stan" - പ്രതിഷേധ കൂട്ടായ്മ

ജാർഖണ്ഡിലെ റാഞ്ചിയിൽ നിന്നും മാവോയിസ്റ്റ് ബന്ധം ആരോപിച്ച്, സാമൂഹ്യപ്രവർത്തകനും ജസ്യൂട്ട് വൈദികനുമായ ഫാ. സ്റ്റാൻ സ്വാമിയെ എൻ.ഐ.എ. സംഘം അറസ്റ്റുചെയ്ത നടപടി പിൻവലിച്ച് അദ്ദേഹത്തെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മലങ്കര സുറിയാനി കാത്തോലിക്ക സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ "VOICE FOR FR. STAN"-പ്രതിഷേധക്കൂട്ടായ്മ മാവേലിക്കരയിൽ വച്ച് നടന്നു. മാവേലിക്കര ഭദ്രാസനാധിപനും സി.ബി.സി.ഐ. വൈസ് പ്രസിഡന്റുമായ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത പ്രതിഷേധ കൂട്ടായ്മയുടെ ഉദ്ഘാടനം നിർവഹിക്കുകയും അതോടൊപ്പം ഒപ്പു ശേഖരണത്തിന് തുടക്കംകുറിക്കുകയും ചെയ്തു. മാവേലിക്കര ഭദ്രാസനത്തിലെ 6 വൈദികജില്ലകളുടെ സഹകരണത്തോടുകൂടി ഒപ്പ് ശേഖരണം നടത്തുകയും ബഹുമാനപ്പെട്ട ശ്രീ. അടൂർ പ്രകാശ് എം.പി. യുടെ സഹായത്തോടെ പ്രധാനമന്ത്രിക്ക് കൈമാറുകയും ചെയ്തു. ഭദ്രാസന വികാരി ജനറാൾ മോൺ. ജോസ് വെണ്മലോട്ട്, എം.സി.വൈ.എം. ഭദ്രാസന ഡയറക്ടർ ഫാ. ഡെന്നിസ് മുകുളംപുറത്ത്, ചെങ്ങന്നൂർ വൈദിക ജില്ലാ ഡയറക്ടർ ഫാ. ജോർജ് കോട്ടപ്പുറം, എം.സി.


www.malankaralibrary.com

വൈ.എം. ഭദ്രാസന പ്രസിഡന്റ് ജോബി ജോൺ നീലേശ്വരം, ജനറൽ സെക്രട്ടറി സ്റ്റാലിൻ ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.




### യുവജന ദിനാഘോഷം

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ ഭദ്രാസനതല യുവജന ദിനാഘോഷവും 'യുവത്വം പ്രകൃതിയോടൊപ്പം' ഭദ്രാസനതല ഉദ്ഘാടനവും കുണ്ടറ ലിറ്റിൽ ഫ്ളവർ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 2020 ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച രാവിലെ 9 മണിക്ക് നടത്തപ്പെട്ടു. ഭദ്രാസന ഡയറക്ടർ ഫാ. ഡെന്നീസ് മുകളംപുറത്ത് വിശുദ്ധ കുർബാന അർപ്പിക്കുകയും യുവജന ദിനാഘോഷത്തിന്റെ സന്ദേശം നൽകുകയും ചെയ്തു. യുവജന ദിനാഘോഷത്തിന് ഭദ്രാസന പ്രസിഡന്റ് ജോബി ജോൺ നീലേശ്വരം അധ്യക്ഷത വഹിച്ചു. ഫാ. ഡെന്നീസ് മുകുളം പുറത്ത് എം.സി.വൈ.എം. പതാക ഉയർത്തികൊണ്ട് യുവജന ദിനാഘോഷത്തിനു തുടക്കം കുറിച്ചു. തുടർന്ന് ഭദ്രാസന പ്രസിഡന്റ് ജോബി ജോൺ നീലേശ്വരവും കുണ്ടറ യൂണിറ്റ് പ്രസിഡന്റ് ജിബിനും ചേർന്ന് വൃക്ഷത്തൈ നട്ടുകൊണ്ട് 'യുവത്വം പ്രകൃതിയോടൊപ്പം' പ്രോഗ്രാമിന്റെ ഭദ്രാസനതല ഉദ്ഘാടനം നിർവഹിച്ചു. ബഹുമാനപ്പെട്ട സി. ചേതന എസ്.ഐ.സി. പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.



## പാറശ്ശാല ഭദ്രാസനം

### കരുതലിന്റെ ആഘോഷം

ഈ വർഷത്തെ പ്രത്യേക പശ്ചാത്തലത്തിൽ മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ (എം.സി.വൈ.എം.) സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിനമായ ഒക്ടോബർ 4-ാം തീയതി സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആഘോഷങ്ങൾ ഇടവക-യൂണിറ്റ് തലത്തിൽ ലളിതമായി നടത്തി.

കോവിഡ്-19 മഹാമാരിയുടെ ദുരിതം അനുഭവിക്കുന്ന ഭദ്രാസനത്തിലെ 103 ഇടവകകളിലെ 515 കുടുംബങ്ങൾക്ക് ഭക്ഷ്യക്കിറ്റ് വിതരണം നടത്തി യുവജനദിനം കരുതലിന്റെ ആഘോഷമാക്കി. ഭക്ഷ്യകിറ്റുവിതരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം 2020 ഒക്ടോബർ 3-ാം തീയതി പാറശ്ശാല ബിഷപ്സ് ഹൗസിൽ വച്ച് പാറശ്ശാല ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് ജില്ലാ പ്രസിഡന്റുമാർക്ക് ഭക്ഷ്യക്കിറ്റ് നൽകിക്കൊണ്ട് നിർവഹിച്ചു. മഹാമാരിയുടെ പ്രതിസന്ധി ഘട്ടത്തിൽ പ്രാർത്ഥനാ ശുശ്രൂഷകളിലൂടെയും ഉപവിപ്രവർത്തനങ്ങളിലൂടെയും യുവജനങ്ങൾ ഭദ്രാസനത്തിലെ കുടുംബങ്ങളെ കരുതുന്നതിനെ അഭിവന്ദ്യ പിതാവ് പ്രത്യേകം അഭിനന്ദിച്ചു. സമ്മേളനത്തിൽ ഭദ്രാസന വികാരി ജനറാൾ മോൺ. ജോസ് കോണത്തുവിള, ഫിനാൻസ് ഓഫീസർ ഡോ. ഫാ. ബർണാഡ് വലിയവിള എന്നിവർ സന്നിഹിതരായിരുന്നു.



ഭദ്രാസന യുവജന ഡയറക്ടർ ഡോ. ഫാ. പ്രഭീഷ് ജോർജ്ജ് ആമുഖ സന്ദേശവും അസിസ്റ്റന്റ് ഡയറക്ടർ ഫാ. വിമൽ വിൻസെൻറ് സ്വാഗതവും സഭാതല ട്രഷറർ ശ്രീ. ശരത് ലാൽ നന്ദിയും അറിയിച്ചു. ഭദ്രാസന സമിതി അംഗങ്ങൾ, ജില്ലാ പ്രസിഡന്റുമാർ, യുവജന പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു.

### അമ്മയോടൊപ്പം

ഈ വർഷത്തെ ജപമാല മാസത്തോടനുബന്ധിച്ച് പാറശ്ശാല ഭദ്രാസനത്തിലെ അസ്സീസിയൻ


www.malankaralibrary.com

പ്രയർ മിനിസ്ട്രിയുടെ നേതൃത്വത്തിൽ യുവജന കൂട്ടായ്മ ഒക്ടോബർ 1 മുതൽ 31 വരെ പരിശുദ്ധ ദൈവ മാതാവിന്റെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കുന്നു. പ്രസ്തുത പ്രാർത്ഥനയിൽ ഭദ്രാസനത്തിലെ 103 പള്ളികളെയും ബഹുമാനപ്പെട്ട വൈദികരേയും സമർപ്പിതരേയും സമർപ്പിച്ച് പ്രത്യേക നിയോഗ ത്തോടു കൂടിയാണ് ജപമാല ചൊല്ലുന്നത്.

## പാറശ്ശാല സമരിറ്റൻസ് രൂപീകരിച്ചു

കോവിഡ് 19 വൈറസ് വ്യാപനത്തിൽ ലോകം മുഴുവൻ അതീവ ജാഗ്രതയോടെ കഴിയുന്ന ഈ കാല ഘട്ടത്തിൽ പാറശ്ശാല ഭദ്രാസനത്തിൽ വൈറസ് ബാധ മൂലം മരിക്കുന്നവരുടെ അജപാലന ശുശ്രൂഷയ്ക്കായി പാറശ്ശാല ഭദ്രാസനത്തിലെ എം.സി.വൈ.എം. ന്റെയും ഭദ്രാസന സാമൂഹ്യക്ഷേമ വിഭാഗമായ KSHEMA യുടെയും നേതൃത്വത്തിൽ വൈദികരും യുവജനങ്ങളും അടങ്ങിയ ടാസ്ക് ഫോഴ്സ് ടീം രൂപീകൃതമായി.

'പാറശ്ശാല സമരിറ്റൻസ്' എന്ന പേരിൽ രൂപീകരിച്ച ടാസ്ക് ഫോഴ്സ് ടീമിന്റെ പരിശീലന ക്ലാസ്സ് 2020 സെപ്തംബർ 30 ബുധനാഴ്ച്ച രാവിലെ 10.30 ന് ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ വച്ച് നടന്നു. നെയ്യാറ്റിൻകര ബ്ലോക്കിൽ കോവിഡ് രോഗികളുടെ ചുമതല നിർവഹിക്കുന്ന ഡോ. ശിവകുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.

പാറശാല ഭദ്രാസനത്തിലെ എം.സി.വൈ.എം. ഡയറക്ടർ റവ. ഫാ. പ്രഭീഷ് ജോർജ്ജ്, അസ്സി. ഡയറക്ടർ റവ. ഫാ വിമൽ വിൻസന്റ്, 'ക്ഷേമ' യുടെ ഡയറക്ടർ റവ. ഫാ. ജോർജ് വെട്ടിക്കാട്ട്. ഭദ്രാസന യുവജന ഭാരവാഹികൾ തുടങ്ങിയവർ പ്രസ്തുത പരിശീലനത്തിൽ പങ്കെടുത്തു.

ഭദ്രാസന അതിർത്തിക്കുള്ളിൽ കോവിഡ് ബാധിതരായി മരിക്കുന്നവരുടെ സംസ്കാര ശുശ്രൂഷയ്ക്ക് ടീം നേതൃത്വം നൽകി വരുന്നു.




# Diocese of Marthandam

## M.C.Y.M. Day 2020:

Marthandam Diocese M.C.Y.M. Day 2020 was held on 18-10-2020 at Dhabor Meditation House Kulithurai. The ceremony began with a prayer session initiated by Rev. Fr. Kulasai Felix. After that Marthandam Diocese M.C.Y.M. Sister Animator Bincy Mariya DM hoisted the flag and MCYM pledge was taken by all the MCYM members.

The function was headed by Rev. Bishop Vincent Mar Paulose and it was leaded by Marthandam Diocese M.C.Y.M. President Mr. Manohar. Panachamoodu District M.C.Y.M. members sung the prayer song and then Diocese General Secretary Mr. John delivered the welcome address. Inaugural address was given by M.C.Y.M. Diocese Director Fr. Sajeev. After that Rev. Bishop Vincent Mar Paulose lighted the *kuthuvilakku* and felicitated the crowd. The chief guest of the ceremony was Fr. Edison from Kottar Diocese, who gave an awesome motivational speech. The M.C.Y.M. members of Fathimanagar unit presented the Ivanian beats. The function was attended by all the M.C.Y.M. diocese and district board members as well as the directors and animators of all the districts.




www.malankaralibrary.com

# Diocese of Gurgaon

## MCYM DAY: FEAST OF ST FRANCIS OF ASSISI:

St. Francis of Assisi, one of the most venerated religious figures, is the heavenly patron of Malankara Catholic Youth Movement. His Feast day is celebrated every year on 4th of October as M.C.Y.M. Day.

M.C.Y.M. Diocese of Gurgaon celebrated youth day with Holy Qurbono offered by our aboon H.E. Most Rev. Bishop Dr. Jacob Mar Barnabas, followed by hosting the M.C.Y.M. flag.The celebrations were broadcasted live on Facebook page. Regional executives across the Delhi region had gathered together at the Nebsarai parish for the same.

Units also celebrated MCYM day at their respective places.

MCYM Bhopal Region commemorated his feast by posting facts about St. Francis to know more about our patron for a week on our social media platform.

Nebsarai M.C.Y.M. unit inaugurated social initiative called 'AGAPE'. AGAPE is a social initiative wherein youth members would gather once in a month for the preparation and distribution of food to the less fortunate people on the streets.Youth members contributed food packets for the same. The youth of the parish would then distribute food packets to the needy and also provide them with masks to prevent the spread of Covid 19.

In order to spiritually prepare the Youths, Confession and Regional Adoration was arranged at our St. Thomas Malankara Catholic Church Bhopal on 2 October 2020. The Youth Day, 4th October, started with the Holy Qurbono by Rt. Rev. Msgr. Daniel Kuzhithadathil Corepiscopo, the Chief Vicar General of Gurgaon Diocese and our Youth Director Rev. Fr. Alexander Kallukalayil. This was followed by the M.C.Y.M. Flag Hoisting.

## Justice for Fr. Stan Swamy :

In solidarity with the movements of the Malankara Catholic church, M.C.Y.M. Central Syndicate and other Diocesan M.C.Y.Ms in this direction, M.C.Y.M. Gurgaon Diocese, collaborated with M.C.Y.M. Delhi Region, protested at Jantar Mantar,Delhi on Sunday, 18th October 2020 from 4 P.M.



Fr. DevasiaKuthirakallil - Director, M.C.Y.M. Gurgaon Diocese, Fr. Aji Thannimoottil - District Vicar, Delhi Region, Fr. Charles Wilson Meledath - Director, Suvishesha Sangam, Fr. Nijo and Fr. Mathai, Mr. Jeffin T. Kaleekal - President, M.C.Y.M. Gurgaon Diocese, Mr. Vinu Mathew Jacob - President,


www.malankaralibrary.com




M.C.Y.M. Delhi Region, Mr. Shijin Puthenpurackal - Vice President Central Syndicate, Sr. Nimiya Rose - Sister Animator, M.C.Y.M. Diocese of Gurgaon, Ms. Leena Samuel - Treasurer, M.C.Y.M. Bhopal Region, Mr. Shaji John - Animator, M.C.Y.M. Delhi Region, presidents and other representatives of various unit level M.C.Y.Ms actively participated for the same.

### AARPO IIRO 2020: CHURCH UNITES FOR ONAM DURING PANDEMIC:

Amidst of the Global Covid-19 pandemic, M.C.Y.M. Bhopal Region organized an Inter-Unit Onam Video Contest for our M.C.Y.M. members and their families. Through these videos, we attempted to depict the essence and importance of Onam festival in all possible ways. The videos are up on MCYM Bhopal Region YouTube channel. We congratulate our winners and all participants for their efforts in making the event a grand success.

Winners : 1st Position - Surat Unit
2nd Position - Ahmedabad Unit
3rd Position - Bhopal Unit

### PRAYERS, ADORATION & SESSIONS

In all three region Prayer Meetings, Adoration & Sessions are done under the leadership of Mar Ivanios Prayer Warrior actively.

## UNIT ACTIVITIES:

### SWACHH BHARAT ABHIYAAN

To commemorate the 151st birth anniversary of Mahatma Gandhi, M.C.Y.M. Dilshad Garden observed as a cleaning day on 2nd October 2020. The M.C.Y.M. members along with the unit director Fr. Mathew Kollarakuzhiyil cleaned the church and its surroundings.

### JB ONLINE STORY TELLING COMPETITION :

M.C.Y.M. Surat organized a John Berchmans (JB) Bible Storytelling competition for the Catechism students from Surat and Vapi Unit. There was an impeccable performance by participants of both the units.

Winners : 1st Position - Albert Lopus
2nd Position - Anaya Siby
3rd Position - Nehal Shinu

### Ammayodoppam - Baroda M.C.Y.M. Initiative :

As part of Marian month, M.C.Y.M. Baroda unit planned an initiative “Ammayodoppam” in which all the youth members gathered together and did Rosary prayers. Going forward, the unit will be regularly conducting Rosary prayers every Saturdays. Each Youth will be assigned with the prayers which will be held in Malayalam as well as in English.


www.malankaralibrary.com